കേരള പ്രണാമം
സത്യം വദഃ ധർമ്മം ചരഃ
editorialkeralapranamam@gmail.com

സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച

"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്"
മഹാത്മാ ഗാന്ധി



# നിലപാട് കടുപ്പിച്ച് ഇന്ത്യ, അമേരിക്കയ്ക്ക് 40 ബില്യൻ ഡോളർ വ്യാപാരമിച്ചമെന്ന് പുതിയ റിപ്പോർട്ട്



അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പലതവണ ഇന്ത്യയെ 'ടാരിഫ് കിങ്' എന്നു വിശേഷിപ്പിച്ചിട്ടുണ്ട്. അമേരിക്കയിൽ നിന്നുള്ള ഇറക്കുമതിക്ക് ഭീമമായ തീരുവ ചുമത്തുന്നതിൽ മുമ്പൻ എന്ന അർത്ഥത്തിൽ. ഇന്ത്യയുമായുള്ള ഉൽപ്പന്ന- സേവന വിപണനത്തിൽ പ്രതിവർഷം അമേരിക്കയ്ക്ക് 100 ബില്യൻ ഡോളറിന്റെ വ്യാപാരക്കമ്മി ഉണ്ടെന്നു വരെ ട്രംപ് അവകാശപ്പെട്ടു, 2024-25-ലെ കണക്കുപ്രകാരം ഇത് 44.4 ബില്യൺ ഡോളറാണെങ്കിലും. വ്യാപാരക്കമ്മി കണക്കുകൾ പറഞ്ഞാണ് ട്രംപ് ലോകത്തോട് തീരുവയുദ്ധം പ്രഖ്യാപിച്ചത്. ഇപ്പോഴും അത് തുടരുകയുമാണ്.

ഈ അവകാശവാദങ്ങളെ പൊളിച്ചടുക്കുകയാണ് കഴിഞ്ഞദിവസം പുറത്തിറങ്ങിയ ഗ്ലോബൽ റിസർച്ച് ഇനിഷ്യേറ്റീവിന്റെ (ജി.ടി.ആർ.ഐ) റിപ്പോർട്ട്. ഇന്ത്യയുമായുള്ള സാമ്പത്തിക ഇടപാടുകളിൽ നിന്ന് അമേരിക്ക പ്രതിവർഷം 80 മുതൽ 85 വരെ ബില്യൺ ഡോളർ വരുമാനം ഉണ്ടാക്കുന്നുവെന്നും ഏതാണ്ട് 40 ബില്യൺ ഡോളർ വ്യാപാരമിച്ചം നേടുന്നുവെന്നും കണക്കുകൾ നിരത്തി റിപ്പോർട്ട് പറയുന്നു. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള സാമ്പത്തിക ഇടപാടുകളുടെ ഒരു ഭാഗം മാത്രമാണ് ഉൽപ്പന്ന, സേവന വ്യാപാരം എന്ന് ജി.ടി.ആർ.ഐയുടെ സഹസ്ഥാപകനായ അജയ് ശ്രീവാസ്തവ ചൂണ്ടിക്കാണിക്കുന്നു. വ്യാപാരക്കരാറുകൾ ചർച്ച ചെയ്യുമ്പോൾ സാമ്പത്തിക സാഹചര്യത്തിന്റെ എല്ലാ വശങ്ങളും നോക്കേണ്ടതുണ്ട്. സങ്കുചിതമായ വ്യാപാരക്കമ്മിയുടെ കണക്കുകാട്ടി തങ്ങളാണ് ഇരകൾ എന്ന് വാദിക്കാൻ അമേരിക്കയ്ക്ക് ആവില്ല- അദ്ദേഹം പറയുന്നു.


ഇന്ത്യക്കാരിൽ നിന്നും ലാഭം ഉണ്ടാക്കുന്നവരിൽ മുൻനിരയിൽ അമേരിക്കയിലെ സർവകലാശാലകളുണ്ട്. ഏതാണ്ട് മൂന്ന് ലക്ഷം ഇന്ത്യൻ വിദ്യാർഥികൾ ഒരുവർഷം അമേരിക്കയിൽ ചെലവാക്കുന്നത് 25 ബില്യൺ ഡോളറാണ്- 15 ബില്യൺ ഡോളർ ട്യൂഷൻ ഫീസായും 10 ബില്യൺ ഡോളർ ജീവിതച്ചെലവായും. ഗൂഗിളും ആമസോണും ആപ്പിളും മൈക്രോസോഫ്റ്റും പോലുള്ള സാങ്കേതിക രംഗത്തെ അമേരിക്കൻ വമ്പന്മാർ 15 മുതൽ 20 ബില്യൺ വരെ ഡോളർ അമേരിക്കയിലെത്തിക്കുന്നു. അതിവേഗം വർധിക്കുന്ന ഡിജിറ്റൽ മാർക്കറ്റിൽ നിന്നും പരസ്യങ്ങളും ക്ലൗഡ് സേവനങ്ങളും ആപ്പ് സ്റ്റോറുകളും സോഫ്റ്റ്വെയർ, ഉപകരണ കച്ചവടവും സ്ട്രീമിംഗ് സബ്സ്ക്രിപ്ഷനും വഴി നേടുന്ന വരുമാനം നേരെ അമേരിക്കയിലേക്ക് ഒഴുകുന്നു. ഇന്ത്യയുടെ വളരുന്ന സാമ്പത്തിക രംഗവും അമേരിക്കയുടെ വരുമാനം വർദ്ധിപ്പിക്കുന്നു. സിറ്റി ബാങ്ക്, ജെ.പി മോർഗൻ, ഗോൾഡ്മൻ സാക്സ്, മെക്കിൻസി, ബി.സി.ജി, പി.ഡബ്ല്യൂ.സി, കെ.പി.എം.ജി തുടങ്ങിയ കമ്പനികൾ പത്തു മുതൽ 15 ബില്യൺ ഡോളർ വരെയാണ് ഇന്ത്യയിലെ സാമ്പത്തിക മേഖലയിലെ പ്രവർത്തനങ്ങളിൽ നിന്നും നേടുന്നത്.

ഫൈസർ, ജോൺസൺ ആൻഡ് ജോൺസൺ, മെർക് തുടങ്ങിയ അമേരിക്കൻ ഫാർമ കമ്പനികൾ ഇന്ത്യയിൽ നിന്നും ഓരോ വർഷവും രണ്ട് ബില്യൺ ഡോളറോളം നേടുന്നു. പേറ്റന്റും ഡ്രഗ് ലൈസൻസും സാങ്കേതികവിദ്യ കൈമാറ്റവുമൊക്കെ വഴി. ജനറൽ മോട്ടോഴ്സ് തുടങ്ങിയ അമേരിക്കൻ വാഹനനിർമ്മാതാക്കൾ ലൈസൻസിങ് കരാറുകളും സാങ്കേതിക സേവനങ്ങളും വഴി മറ്റൊരു ബില്യൺ ഡോളർ നേടുന്നു.

അതുപോലെ നിരവധി മേഖലകൾ വേറെയും ഉണ്ട്, പ്രതിരോധമേഖല പോലെ. കൃത്യമായ കണക്കുകൾ രഹസ്യമാണെങ്കിലും ആയിരക്കണക്കിന് കോടി ഡോളർ വിലയുള്ള സൈനികോപകരണങ്ങൾ ഇന്ത്യയ്ക്ക് കഴിഞ്ഞ ദശകത്തിൽ അമേരിക്ക വിറ്റിട്ടുണ്ട്.

അമേരിക്ക ജി.ടി.ആർ.ഐ റിപ്പോർട്ടും അതിലെ കണക്കുകളും കണ്ടതായി ഇതുവരെ ഭാവിച്ചിട്ടില്ല. വ്യാപാരമൊഴികെയുള്ള മറ്റു വരുമാനമാർഗങ്ങളെ കണക്കിലെടുക്കാനാവില്ല, തങ്ങൾക്കാണ് വ്യാപാരക്കമ്മി എന്ന നിലപാട് തുടരാനും ഇറക്കുമതിത്തീരുവയിൽ കൂടുതൽ സൗജന്യങ്ങൾ ആവശ്യപ്പെടാനുമാണ് സാധ്യത. പക്ഷേ, ഈ റിപ്പോർട്ട് രണ്ടു രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക ഇടപാടുകളിൽ ഉത്പന്നവ്യാപാരം കൂടാതെ നിരവധി കാര്യങ്ങൾ അടങ്ങിയിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു. അധികത്തീരുവ ഭീഷണി നേരിടുന്ന ചൈനയെ പോലുള്ള രാജ്യങ്ങൾക്കും അമേരിക്കയുമായി കൂടുതൽ ഫലപ്രദമായി വിലപേശാനുള്ള വഴിതുറക്കുന്നതാണ് റിപ്പോർട്ട്. എന്തായാലും അമേരിക്കയുമായി ഉഭയകക്ഷി വ്യാപാരക്കരാർ ചർച്ചകളിലേർപ്പെട്ടിരിക്കുന്ന വാണിജ്യമന്ത്രി പീയൂഷ് ഗോയലിനും സംഘത്തിനും പുതിയ കണക്കുകൾ ശക്തി പകരും.

# ഓപ്പറേഷൻ സിന്ദൂറും ശക്തമാവുന്ന ദേശീയതയും




മൂന്നു ദിവസം കൊണ്ട് പാകിസ്താനെ നിലംപരിശാക്കിയ ഓപ്പറേഷൻ സിന്ദൂറിനു ശേഷം രാജ്യമാകെ ദേശീയവികാരം ശക്തിപ്പെടുകയാണ്. അതിന്റെ പ്രതിഫലനം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രസംഗങ്ങളിൽ കാണാം. വിട്ടുവീഴ്ചയില്ലാത്ത ദേശീയ നിലപാടുകൾ അമേരിക്കയെ കൂടി ഉദ്ദേശിച്ചാകാം. ഓപ്പറേഷൻ സിന്ദൂറിൽ മധ്യസ്ഥത വഹിച്ചെന്ന ട്രംപിന്റെ അവകാശവാദം ഇന്ത്യയ്ക്ക് തീരെ രസിച്ചില്ല. അത് നേതൃത്വം പലകുറി വ്യക്തമാക്കിയെങ്കിലും ട്രംപ് നിലപാടിൽ മാറ്റം വരുത്തിയില്ല. ബംഗ്ലാദേശിൽ അമേരിക്ക ഇടപെടുന്നതും അൽകയ്ദ നേതാവായിരുന്ന സിറിയൻ പ്രസിഡണ്ട് അൽ ഷാരയുമായി ബന്ധം പുലർത്തുന്നതും ഇന്ത്യയ്ക്ക് അസ്വസ്ഥതയുണ്ടാക്കുന്നതാണ്.

വ്യാപാര ചർച്ചയിൽ ഇന്ത്യയുടെ പ്രതികരണം കണിശവും ഉറച്ചതുമാണ്. കഴിഞ്ഞ ഫെബ്രുവരിയിൽ ഇന്ത്യൻ ഉരുക്കിനും അലൂമിനിയത്തിനും 25 ശതമാനം തീരുവ അമേരിക്ക പുനസ്ഥാപിച്ചിരുന്നു. അതിനു പകരമായി ഇന്ത്യ 29 അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് തിരിച്ചടിത്തീരുവ ചുമത്താൻ ഒരുങ്ങുന്നു. മുൻകൂട്ടി അറിയിക്കാതെ സംരക്ഷണത്തീരുവ (സെയ്ഫ്ഗാർഡ് ടാരിഫ്) ചുമത്തിയതിനു പകരമായി തിരിച്ചടിത്തീരുവ ചുമത്താൻ ലോകവ്യാപാരസംഘടനയുടെ ചട്ടം അനുവദിക്കുന്നുണ്ട്. അതാണ് ഇന്ത്യ ചെയ്യാൻ ഉദ്ദേശിക്കുന്നത്. പക്ഷേ, അമേരിക്ക പറയുന്നത് തങ്ങളുടെ നടപടി ദേശീയസുരക്ഷാ ഉൽക്കണ്ഠകളുമായി ബന്ധപ്പെട്ടാണ് എന്നാണ്. എന്തായാലും വ്യാപാരചർച്ചകൾ നടക്കുന്നതിനിടെ തിരിച്ചടിക്കാൻ

# പ്രവാസികളുടെ ശ്രദ്ധയ്ക്ക്; യുഎഇയിൽ സ്വകാര്യമേഖലയിലെ ജീവനക്കാരുടെ വിദേശ ഡിഗ്രി പരിശോധിക്കാൻ ഡിജിറ്റൽ സേവനം



**അബുദാബി** : സ്വകാര്യമേഖലാ ജീവനക്കാരുടെ വിദേശ ഡിഗ്രി സർട്ടിഫിക്കറ്റുകളുടെ സാധുത പരിശോധിക്കാൻ ഡിജിറ്റൽ സേവനം ആരംഭിച്ച് മാനവശേഷി സ്വദേശിവൽക്കരണ മന്ത്രാലയം. ജീവനക്കാർ സമർപ്പിച്ച സർട്ടിഫിക്കറ്റുകൾ അസ്സലാണോ വ്യാജനാണോ എന്നറിയാനുള്ള സേവനം കമ്പനി ഉടമകൾക്കു പ്രയോജനപ്പെടുത്താം. അടുത്ത ഘട്ടത്തിൽ രാജ്യത്തിനകത്ത് നിന്നു നൽകുന്ന സർട്ടിഫിക്കറ്റുകളും ഇതുവഴി പരിശോധിക്കാനുള്ള സംവിധാനം ഒരുക്കും. ഉന്നത വിദ്യാഭ്യാസ, ശാസ്ത്ര ഗവേഷണ മന്ത്രാലയവുമായി സഹകരിച്ചാണു പദ്ധതി.

ഡിജിറ്റൽ സേവനത്തിലൂടെ ബ്യൂറോക്രസി ഇല്ലാതാക്കുകയും കൃത്യമായ സേവനം യഥാസമയം ലഭ്യമാക്കുകയുമാണ് ലക്ഷ്യം. മാനവശേഷി സ്വദേശിവൽക്കരണ മന്ത്രാലയത്തിന്റെ വെബ്സൈറ്റ്, സ്മാർട്ട് ആപ്ലിക്കേഷൻ എന്നിവയിലൂടെ സേവനം പ്രയോജനപ്പെടുത്താം. നാഷനൽ ക്വാളിഫിക്കേഷൻസ് ഫ്രെയിം വർക്കിന്റെ നിയമപ്രകാരം വിദേശത്തുനിന്നു ലഭിച്ച പ്രഫഷനൽ ബിരുദ സർട്ടിഫിക്കറ്റുകളാണു പരിശോധനയ്ക്കു വിധേയമാക്കുക.


സർട്ടിഫിക്കറ്റുകളുടെ സാധുത ഉറപ്പാക്കി ജീവനക്കാരെ നിലനിർത്താനും ഒഴിവാക്കാനും കമ്പനി ഉടമയ്ക്കു സാധിക്കും. ഡിജിറ്റൽ പരിശോധനയിൽ നടപടിക്രമങ്ങൾ കുറയും. ഓൺലൈനായി പണവും അടയ്ക്കാം.മാതൃരാജ്യത്തും യുഎഇയിലും അറ്റസ്റ്റ് ചെയ്ത സർട്ടിഫിക്കറ്റുകളുടെയും അറ്റസ്റ്റേഷന്റെയും ആധികാരികത പരിശോധിച്ച് ഉറപ്പാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്.

2 രാജ്യങ്ങളിലും സാക്ഷ്യപ്പെടുത്താത്ത സർട്ടിഫിക്കറ്റുകൾ പരിശോധിക്കില്ല. സർക്കാർ ജീവനക്കാർക്കു സ്ഥാനക്കയറ്റം ഉൾപ്പെടെയുള്ള ആനുകൂല്യം ലഭിക്കണമെങ്കിലും സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുകയും അവയുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കുകയും വേണം.

തൊഴിൽ വിപണിയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും ഉപയോക്താക്കൾക്കായി ഡിജിറ്റൽ സേവനങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമാണു പദ്ധതിയെന്ന് മാനവ വിഭവശേഷി മന്ത്രാലയം അണ്ടർ സെക്രട്ടറി ഖലീൽ അൽ ഖൂരി പറഞ്ഞു.

അക്കാദമിക് യോഗ്യതകൾ പരിശോധിക്കുന്നതിൽ കൃത്യത, വേഗം, വിശ്വാസ്യത എന്നിവ വർധിപ്പിക്കാനും പ്രതിഭകളെ ആകർഷിച്ചു സ്ഥാപനങ്ങളുടെ മത്സരക്ഷമത വർധിപ്പിക്കാനും പദ്ധതി സഹായിക്കുമെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രാലയം അണ്ടർ സെക്രട്ടറി ഡോ. മുഹമ്മദ് അൽ മുഅല്ല പറഞ്ഞു.

# ബലിപെരുന്നാളിന് ഒരുങ്ങി ഗൾഫ് രാജ്യങ്ങൾ: പ്ലാൻ ചെയ്താൽ 16 ദിവസം വരെ അവധി; ആഘോഷിച്ച് പ്രവാസികൾ



ദുബായ് : സൗദിയിലെ മക്കയിൽ ഹജ് കർമങ്ങൾക്കുള്ള ഒരുക്കം പൂർത്തിയാകുമ്പോൾ ഇതര ഗൾഫ് രാജ്യങ്ങളെല്ലാം ബലി പെരുന്നാളാ(ഈദുൽ അദ്ഹ) ഘോഷിക്കാനുള്ള തയ്യാറെടുപ്പിലുമാണ്. ഹജ് കർമങ്ങൾക്ക് സമാപനം കുറിക്കുന്ന അറഫാ ദിനത്തിന്റെ പിറ്റേന്നാണ് മുസ്ലിം സമൂഹം ത്യാഗസ്മരണകളുമായി ബലി പെരുന്നാൾ ആഘോഷിക്കുന്നത്.

ജൂൺ ആറിന് ബലി പെരുന്നാൾ ആകാനാണ് ജ്യോതിശാസ്ത്രജ്ഞരും ചാന്ദ്ര ദർശന സമിതികളും സാധ്യത കൽപിക്കുന്നത്. ദുൽ ഹജ് മാസത്തിലെ പത്താം തീയതിയാണ് ഹജ് തീർഥാടനത്തിന്റെ സമാപനവും ബലി പെരുന്നാളിന്റെ ആരംഭവും. എന്നാൽ, ഈ തീയതി ദുൽ ഹജ് മാസത്തിന്റെ ചന്ദ്രദർശനത്തെ ആശ്രയിച്ചിരിക്കുന്നു.യുഎഇയിൽ ഔദ്യോഗിക പ്രഖ്യാപനം വന്നിട്ടില്ലെങ്കിലും ഇപ്രാവശ്യം നാല് ദിവസം ബലി പെരുന്നാൾ അവധി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് മാസപ്പിറവി കാണുന്നതിനനുസരിച്ച് ജൂൺ ആറോ ഏഴോ മുതലായിരിക്കും. പ്രവാസികൾ പലരും വാർഷിക അവധിയും ചേർത്ത് 9 മുതൽ 16 ദിവസങ്ങളോളം അവധി നീട്ടാൻ പദ്ധതിയിടുന്നു. വിമാനക്കൂലി വളരെ കൂടുതലായതാണ് മലയാളികളടക്കമുള്ള ഇന്ത്യക്കാരെ പെരുന്നാളാഘോഷിക്കാൻ നാട്ടിലേക്ക് പോകുന്നതിൽ നിന്ന് വിലക്കുന്നത്.

എങ്കിലും നേരത്തെ ടിക്കറ്റ് ബുക്ക് ചെയ്തവരെല്ലാം യാത്രയ്ക്കുള്ള ഒരുക്കം പൂർത്തിയാക്കിക്കഴിഞ്ഞു. അതുപോലെ, മധ്യേഷ്യൻ രാജ്യങ്ങളായ ഉസ്ബെക്കിസ്ഥാൻ, തജിക്കിസ്ഥാൻ, കസകിസ്ഥാൻ, കിർഗിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളിലേയ്ക്കും ജോർജിയ, അർമേനിയ, അസർബൈജാൻ എന്നിവിടങ്ങളിലേയ്ക്കും യാത്രാ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. യൂറോപ്പിലേയ്ക്ക് പോകാനും ചിലർ തീരുമാനിച്ചിരുന്നെങ്കിലും ഷെംഗൻ വീസ ലഭിക്കാൻ വളരെ പ്രയാസം നേരിടുന്നതിനാൽ ആ പദ്ധതി ഉപേക്ഷിച്ചു. അതുപോലെ നാട്ടിൽ നിന്ന് പ്രായമുള്ള മാതാപിതാക്കളടക്കമുള്ള ബന്ധുക്കളെ ഗൾഫിലേയ്ക്ക് കൊണ്ടുവന്നുള്ള പെരുന്നാളാഘോഷത്തിനും പല കുടുംബങ്ങളും തീരുമാനിച്ചിട്ടുണ്ട്.

കുവൈത്ത്:കുവൈത്തിൽ ജൂൺ 5 മുതൽ 9 വരെ (വ്യാഴം മുതൽ തിങ്കൾ) 5 ദിവസത്തെ പൊതുഅവധി ഇതിനകം പ്രഖ്യാപിച്ചിട്ടുണ്ട്. അവധി കഴിഞ്ഞ് ജോലികൾ ജൂൺ 10-ന് (ചൊവ്വ) പുനരാരംഭിക്കും.

ഖത്തർ:ഖത്തറിൽ ജൂൺ 5 മുതൽ 9 വരെ (വ്യാഴം മുതൽ തിങ്കൾ) 5 ദിവസത്തെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്. ഖത്തറിൽ തൊഴിലാളി സൗഹൃദ അവധി നിയമമാണുള്ളത്. ഇതുപ്രകാരം ഔദ്യോഗിക അവധികൾക്കിടയിൽ വരുന്ന ജോലിദിനങ്ങൾക്കും അവധി നൽകപ്പെടുന്നു. ഒമാൻ

ഒമാനിൽ അവധി ദുൽ ഹജ് 9 മുതൽ 12 വരെ (ജൂൺ 5 മുതൽ 8 വരെ) ആകാനാണ് സാധ്യത. ഔദ്യോഗിക അവധി പ്രഖ്യാപനം ഇനിയും വരാനുണ്ട്.

സൗദി അറേബ്യ:സൗദി യിലും ഔദ്യോഗിക അവധി പ്രഖ്യാപനം ഇനിയും വരാനുണ്ട്. എന്നാൽ, സൗദി എക്സ്ചേഞ്ച് (താവുൽ) ജൂൺ 5 മുതൽ 10 വരെ (വ്യാഴം മുതൽ ചൊവ്വ) 6 ദിവസത്തെ അവധി പ്രഖ്യാപിച്ചിട്ടുണ്ട്.

യുഎഇയിൽ പെരുന്നാൾ സാധ്യത ജൂൺ ആറിന്

യുഎഇയിലെ ഫത് വാ കൗൺസിൽ ദുൽ ഹജ് മാസപ്പിറവി കാണുന്നതിനായി ഇന്ന്(ചൊവ്വ) വൈകിട്ട് നീരീക്ഷണം നടത്തണമെന്ന് പൊതുജനങ്ങളോട് ആവശ്യപ്പെട്ടു. ചന്ദ്രനെ കാണുകയാണെങ്കിൽ 027774647 എന്ന നമ്പരിലോ ഓൺലൈൻ വഴിയോ റിപ്പോർട്ട് ചെയ്യാം.

ഇസ്ലാമിക കലണ്ടർ ചന്ദ്രചക്രത്തെ അടിസ്ഥാനമാക്കിയുള്ളതായതിനാൽ പെരുന്നാൾ ദിവസങ്ങൾ ചന്ദ്രദർശനത്തെ ആശ്രയിച്ചിരിക്കുന്നു. ജ്യോതിശാസ്ത്ര കണക്കുകൾ പ്രകാരം ദുൽ ഹജ് 1 മേയ് 28ന് ആരംഭിക്കുമെന്നാണ് വിലയിരുത്തൽ എന്ന് എമിറേറ്റ്സ് ആസ്ട്രോണമിക്കൽ സൊസൈറ്റി ചെയർമാനും അറബ് യൂണിയൻ ഫോർ ആസ്ട്രോണമി & സ്പേസ് സയൻസസ് അംഗവുമായ ഇബ്രാഹിം അൽ ജർവാൻ പറഞ്ഞു. ഇതനുസരിച്ച്, ജൂൺ ആറിന് ബലി പെരുന്നാൾ ആഘോഷിക്കുന്നതിനാണ് സാധ്യത.

# 'ഗർജ്ജിക്കുന്ന സിംഹം' ചർച്ചിലിന്റെ വിഖ്യാത ചിത്രം മോഷ്ടിച്ചയാൾക്ക് രണ്ട് വർഷം തടവ്



ദി റോറിംഗ് ലയൺ എന്ന വിൻസ്റ്റന്റ് ചർച്ചിലിന്റെ വിഖ്യാത ചിത്രം മോഷ്ടിച്ച് കനേഡിയൻ പൗരന് രണ്ട് വർഷത്തെ തടവ് ശിക്ഷ വിധിച്ചു. 2021 ജനുവരിയിൽ ചോറ്റോ ലോറിയൽ ഹോട്ടലിൽ നിന്ന് ചിത്രത്തിന്റെ യഥാർത്ഥ പ്രിന്റ് മോഷ്ടിച്ചതായും ജെഫ്രി വുഡ് കുറ്റസമ്മതം നടത്തിയിരുന്നു. ഈ ചിത്രത്തിന്റെ വ്യാജ രേഖ ചമച്ചതായും ജെഫ്രി വുഡ് സമ്മതിച്ചിരുന്നു.

1941ൽ രണ്ടാം ലോകമഹായുദ്ധത്തെക്കുറിച്ച് സ്പീക്കറുടെ ചേംബറിൽ വച്ച് ചർച്ചിൽ നടത്തിയ പ്രഭാഷണത്തിന് ഇടയിൽ പകർത്തിയ ചിത്രമായിരുന്നു ദി റോറിംഗ് ലയൺ. കനേഡിയൻ ഫോട്ടോഗ്രാഫർ യൂസഫ് കാർഷ് ആയിരുന്നു ഈ ചിത്രം പകർത്തിയത്. കഴിഞ്ഞ വർഷം ഇറ്റലിയിൽ നിന്നുള്ള വ്യക്തിയുടെ കൈവശം ഈ ചിത്രം കണ്ടെത്തിയിരുന്നു. ഒട്ടാവ പൊലീസ് നടത്തിയ ചോദ്യം ചെയ്യലിൽ ചിത്രം മോഷ്ടിക്കപ്പെട്ടതാണെന്ന് തനിക്ക് അറിയില്ലെന്ന് ഇയാൾ വ്യക്തമാക്കിയായി ഒട്ടാവ പൊലീസ് പറഞ്ഞു. കനേഡിയൻ പാർലമെന്റിലെ പ്രസംഗത്തിന് ശേഷം നെറ്റി ചുളിച്ച് നിൽക്കുന്ന ചർച്ചിലിനെയായിരുന്നു യൂസഫ് കാർഷ് പകർത്തിയത്. 67 വയസായിരുന്നു ചർച്ചിലിന്റെ ആ സമയത്തെ പ്രായം. ഫോട്ടോ വ്യാജപതിപ്പാണെന്ന് കണ്ടെത്തിയത് ഒരു ഹോട്ടൽ ജീവനക്കാരനാണ്. തന്റെ സഹോദരന് മാനസിക ആരോഗ്യപ്രശ്നങ്ങളുള്ളതായും അതിനായി ചികിത്സയ്ക്ക് വേണ്ടി പണം കണ്ടെത്താനാണ് താൻ ചിത്രം മോഷ്ടിച്ചതെന്ന് ജെഫ്രി വുഡ് പറഞ്ഞതായി കനേഡിയൻ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

വിൻസ്റ്റന്റ് ചർച്ചിലിന്റെ ഛായാ ചിത്രം ലോക പ്രശസ്തി നേടിയതിൽ രാജ്യത്തിനാകെ അഭിമാനിക്കാമെന്ന് ശിക്ഷ വിധിക്കുന്നതിനിടെ ജസ്റ്റിസ് റോബർട്ട് വാർഡൻ പറഞ്ഞു. കനേഡിയൻ ചരിത്രം ഈ ചിത്രത്തിലൂടെ അംഗീകരിക്കപ്പെട്ടത്തിൽ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ടെന്ന് ചോറ്റോ ലോറിയൽ ഹോട്ടലിന്റെ മാനേജർ ജെനീവീവ് ഡുമാസ് പറഞ്ഞതായി മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. രണ്ട് വർഷത്തെ ശിക്ഷയിൽ നിന്ന് ജെഫ്രി വുഡിന് ഇളവ് ലഭിക്കാൻ സാധ്യതയുണ്ട്. ജെഫ്രി വുഡിന്റെ പേരിൽ മുൻപ് കേസുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തത് കൊണ്ട് തന്നെ ശിക്ഷാവിദി കടുപ്പമുള്ളതായി പ്രതിഭാഗം വക്കീൽ വാദിച്ചു.

# ഏത് അപകടകരമായ സന്ദർഭത്തെയും നിയമത്തിന്റെ പരിധിയിൽ ഉറച്ചുനിന്ന് സമചിത്തതയോടെ നേരിടാനാവും

ജുഡിഷ്യൽ സർവീസിലേക്ക് നേരിട്ട് വരുന്നവർക്ക് കോടതിയുടെ നടത്തിപ്പും മറ്റ് വ്യവഹാര പ്രക്രിയകളും സംബന്ധിച്ച് നല്ല പരിചയം ഇല്ലാത്തത് നിരവധി പ്രശ്നങ്ങൾക്ക് ഇടയാക്കിയിരുന്നു. അഭിഭാഷക പ്രാക്ടീസ് ഇല്ലാതെ ജുഡിഷ്യൽ സർവീസിൽ എത്തുന്നവരുടെ പല തീർപ്പുകളെയും അഭിഭാഷകർ കൂട്ടമായി എതിർക്കുന്ന സ്ഥിതിവിശേഷങ്ങളും ഉണ്ടായിട്ടുണ്ട്. പുതിയ നിയമ ബിരുദധാരികളെ നേരിട്ട് മജിസ്ട്രേട്ടുമാരായും മുൻസിഫുമാരായും നിയമിക്കരുതെന്നും ഇവരുടെ നിയമനത്തിന് അഭിഭാഷകവൃത്തിയിലെ പരിചയം നിർബന്ധമാക്കണമെന്നും ബാർ അസോസിയേഷനുകൾ നിരന്തരം ആവശ്യപ്പെട്ടിരുന്നതാണ്. ഇക്കാര്യത്തിൽ സുപ്രീംകോടതി ഇപ്പോൾ അന്തിമ തീർപ്പ് കൽപ്പിച്ചിരിക്കുന്നു. അഭിഭാഷകരായി ചുരുങ്ങിയത് മൂന്നുവർഷം പ്രവർത്തിച്ചവർക്കു മാത്രമേ ഇനി മുതൽ ജുഡിഷ്യൽ സർവീസ് പരീക്ഷയ്ക്ക് അപേക്ഷിക്കാനാവൂ എന്നാണ് സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുന്നത്. ഈ നിർദ്ദേശം ഉൾപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഹൈക്കോടതികളോടും സംസ്ഥാന സർക്കാരുകളോടും സുപ്രീംകോടതി ആവശ്യപ്പെട്ടിരിക്കുകയാണ്.

അതേസമയം, നിലവിൽ തുടങ്ങിവച്ച റിക്രൂട്ട്മെന്റുകളെ ഇത് ബാധിക്കില്ലെന്നും വിധിക്ക് മുൻകാല പ്രാബല്യമില്ലെന്നും ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ്, ജസ്റ്റിസുമാരായ എ.ജി. മാസിഹ്, കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷകരുടെ അനുഭവപരിചയം തെളിയിക്കാൻ ബന്ധപ്പെട്ട കോടതിയിലെ പ്രിൻസിപ്പൽ ജുഡിഷ്യൽ ഓഫീസറോ പത്തുവർഷമായി പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകനോ സാക്ഷ്യപ്പെടുത്തണം. ജഡ്ജിമാരുടെയോ ജുഡിഷ്യൽ ഓഫീസർമാരുടെയോ കീഴിൽ നിയമ ക്ളാർക്കായി ജോലിചെയ്ത പരിചയവും അഭിഭാഷകവൃത്തിക്കൊപ്പം പരിഗണിക്കുന്നതാണ്. കോടതികളിൽ വർഷങ്ങളോളം പ്രാക്ടീസ് ചെയ്യുന്ന അഭിഭാഷകരെയാണ് പുതുതായി ജുഡിഷ്യൽ സർവീസിൽ എത്തുന്നവർ അഭിമുഖീകരിക്കേണ്ടിവരുന്നത്. കോടതിയിലെ നടപടിക്രമങ്ങളെക്കുറിച്ചുള്ള പരിചയക്കുറവ് ഇവിടെ ഒരു തടസമാവാം.

കോടതിയിലെ വ്യവഹാര പ്രക്രിയകൾ സങ്കീർണമാണ്. ഇത് ചുരുങ്ങിയ കാലം കൊണ്ട് മനസിലാക്കുക പ്രയാസവുമാണ്. അങ്ങനെ വരുമ്പോൾ പരിചയക്കുറവുള്ളവരുടെ തീരുമാനങ്ങളിൽ പാകപ്പിഴവ് സംഭവിക്കാനുള്ള സാദ്ധ്യത നിലനിൽക്കും. നിയമം കൈകാര്യം ചെയ്യുന്നതിൽ തഴക്കവും പഴക്കവും വരിക എന്നത് ഏതാനും ദിവസങ്ങൾക്കുള്ളിൽ സാധിക്കുന്ന കാര്യമല്ല. കോടതിമുറിയിലെ രീതികൾ കോടതിമുറിയിലിരുന്നു തന്നെ വേണം മനസിലാക്കാൻ. കോളേജിൽ പഠിക്കുന്നത് കൂടുതലും സിദ്ധാന്തങ്ങൾ മാത്രമാണ്. അതിന്റെ പ്രയോഗമാണ് കോടതികളിൽ നടക്കുന്നത്. അതിനെക്കുറിച്ച് അറിവ് നേടാൻ അനുഭവപരിചയം അത്യന്താപേക്ഷിതമാണ്. വക്കീലന്മാരുടെ തന്ത്രങ്ങളും അവരുടെ പ്രശ്നങ്ങളും ഒരേസമയം മനസിലാക്കാനുള്ള കഴിവ് ജുഡിഷ്യൽ ഓഫീസർമാർക്ക് ആവശ്യമാണ്. അതിന് പുസ്തകങ്ങളിൽ നിന്നും ക്ളാസ് മുറികളിൽ നിന്നും ലഭിച്ച അറിവുകൾ മാത്രം മതിയാവില്ല. മറിച്ച് സീനിയർ അഭിഭാഷകരുടെ കൂടെ ജോലി ചെയ്ത അനുഭവമുണ്ടെങ്കിൽ ഏത് അപകടകരമായ സന്ദർഭത്തെയും നിയമത്തിന്റെ പരിധിയിൽ ഉറച്ചുനിന്ന് സമചിത്തതയോടെ നേരിടാനാവും.

അഭിഭാഷകവൃത്തിയിൽ പരിചയമില്ലാതെ പുതുതായി സർവീസിൽ കയറുന്നവർക്ക് അബദ്ധങ്ങൾ സംഭവിക്കാമെന്ന ഒരു മുൻവിധി പോലും വക്കീലന്മാർക്ക് ഉണ്ടായിരിക്കും. ഇതാകട്ടെ ജുഡിഷ്യൽ ഓഫീസർമാരുടെ തീരുമാനങ്ങളിൽ ചെറിയ പിഴവ് സംഭവിച്ചാൽപ്പോലും പ്രശ്നങ്ങൾ കൂടുതൽ സങ്കീർണമാക്കാൻ ഇടയാക്കും. ജോലിയിൽ പ്രവേശിക്കുന്ന അന്നുമുതൽ തന്നെ ജഡ്ജിമാർക്ക് ജീവിതം, സ്വാതന്ത്ര്യം, സ്വത്തുക്കൾ, പരാതിക്കാരുടെ അന്തസ് തുടങ്ങിയ നിരവധി വിഷയങ്ങൾ നിയമ പരിധിയിൽ നിന്ന് കൈകാര്യം ചെയ്യേണ്ടിവരും. ഇതൊക്കെ കൈകാര്യം ചെയ്യാൻ നിയമ ബോധത്തിനൊപ്പം പ്രായോഗിക പരിജ്ഞാനവും ആവശ്യമാണ്. അതിന്റെ അടിസ്ഥാനത്തിലാണ് 2002 മുതൽ ഇളവ് നൽകിയ അഭിഭാഷക പരിചയ യോഗ്യത ഇപ്പോൾ പുനഃസ്ഥാപിച്ചിരിക്കുന്നത്. ജുഡിഷ്യൽ സർവീസിന്റെ മികവ് കൂടുതൽ ശക്തിപ്പെടുത്താൻ എന്തുകൊണ്ടും ഉതകുന്നതാണ് സുപ്രീംകോടതിയുടെ പുതിയ തീരുമാനം.

# പ്രവാസികൾക്ക് ആശ്വാസം; യുഎഇയിലെ ബാങ്കുകളിലെ മിനിമം ബാലൻസ് 5000 ദിർഹം തീരുമാനം താൽക്കാലികമായി നിർത്തിവച്ചു




**ദുബായ് :** യുഎഇയിലെ ചില ബാങ്കുകൾ അക്കൗണ്ടുകളുടെ മിനിമം ബാലൻസ് 5000 ദിർഹമാക്കാനുള്ള തീരുമാനം താൽക്കാലികമായി നിർത്തിവച്ചു. യുഎഇ സെൻട്രൽ ബാങ്ക് നിർദ്ദേശപ്രകാരമാണ് നടപടി. ചില ബാങ്കുകൾ മിനിമം ബാലൻസ് പരിധി 5000 ദിർഹമായി ഉയർത്താൻ തീരുമാനിച്ചതായി റിപ്പോർട്ടുകൾ വന്ന പശ്ചാത്തലത്തിൽ ഇതേകുറിച്ച് പഠിക്കാൻ സെൻട്രൽ ബാങ്ക് തീരുമാനിച്ചതായി പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. 'മിനിമം ബാലൻസ് പരിധിയിലെ വർദ്ധനവ് താൽക്കാലികമായി നിർത്തിവയ്ക്കുകയാണ് ', ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ തുക ഉയർത്തരുതെന്ന് ബാങ്കുകൾക്ക് നിർദ്ദേശം നൽകിയതായും റിപ്പോർട്ട് വ്യക്തമാക്കുന്നു.അക്കൗണ്ടിൽ ചുരുങ്ങിയത് 5,000 ദിർഹം നിലനിർത്താൻ കഴിയാത്ത ഉപയോക്താക്കളിൽ നിന്ന് ഫീസ് ഈടാക്കാൻ ചില ബാങ്കുകൾ തീരുമാനിച്ചിരുന്നു. അക്കൗണ്ടിൽ ചുരുങ്ങിയത് 5,000 ദിർഹം നിലനിർത്താൻ കഴിയാത്തവരിൽ നിന്ന് 25 ദിർഹമോ അതിലധികമോ ഫീസ് ഈടാക്കുമെന്നും ജൂൺ ഒന്നുമുതൽ തീരുമാനം പ്രാബല്യത്തിൽ വരുമെന്നും റിപ്പോർട്ട് വ്യക്തമാക്കിയിരുന്നു. അതേസമയം തന്നെ, 20,000 ദിർഹത്തിലധികം അക്കൗണ്ടിൽ ഉള്ളവർക്കും 15,000 ദിർഹത്തോളം മാസശമ്പളം ബാങ്കിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നവർക്കും 5,000 ദിർഹത്തിനും 14,999 ദിർഹത്തിനും ഇടയിൽ ശമ്പളമുള്ളവർക്കും ക്രെഡിറ്റ് കാർഡ്, വ്യക്തിഗത ലോൺ, ഓവർഡ്രാഫ്റ്റ് തുടങ്ങിയവ നിലവിലുണ്ടെങ്കിലും ഈ ഫീസ് ഒഴിവാക്കപ്പെടുമെന്നും അറിയിച്ചിരുന്നു. മെച്ചപ്പെട്ട ശമ്പളമുള്ളവരാണെങ്കിൽ പോലും സാധാരണ പ്രവാസികളെ സംബന്ധിച്ച് 5000 ദിർഹം മിനിമം ബാലൻസ് അക്കൗണ്ടിൽ സൂക്ഷിക്കുകയെന്നുള്ളത് അത്ര പ്രായോഗികമല്ല. ഇതോടെ സാധാരണക്കാരായ പ്രവാസികൾ ആശങ്കയിലായി. എന്തായാലും തീരുമാനം നടപ്പിലാക്കുന്നത് മാറ്റിവച്ചത് സാധാരണ പ്രവാസികളെ സംബന്ധിച്ച് വലിയ ആശ്വാസമാണ്.

# കരീന കപൂർ ബിസെൽ ഇന്ത്യൻ ബ്രാൻഡ് അംബാസിഡർ




അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രമുഖ വാക്വം ക്ലീനർ ബ്രാൻഡ് ബിസെലിന്റെ ഇന്ത്യൻ ബ്രാൻഡ് അംബാസിഡറായി ബോളിവുഡ് താരം കരീന കപൂർ ഖാനെ നിയമിച്ചു. കരീനയുമായുള്ള സഹകരണം ബിസെലിന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങളിൽ നാഴികക്കല്ലായി മാറുമെന്ന് കമ്പനി പറയുന്നു. 145 വർഷത്തിലേറെയായി ഗൃഹോപകരണ നിർമാണ രംഗത്തെ ആഗോളസാന്നിധ്യമായ ബിസെൽ ഇന്ത്യയിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് കരീനയുമായി കൈകോർക്കുന്നത്. ഇന്ത്യൻ ഭവനങ്ങൾക്കായി വൃത്തിയേറിയതും കൂടുതൽ ആയാസരഹിതവുമായ ഒരു ജീവിതശൈലി വാഗ്ദാനം ചെയ്യുന്ന ബിസെൽ അത്യാധുനിക ക്ലീനിംഗ് പരിഹാരങ്ങൾ ഉറപ്പാക്കി ഇന്ത്യയിൽ തങ്ങളുടെ സാന്നിധ്യം ശക്തമാക്കാൻ ലക്ഷ്യമിടുന്നു. ആരോഗ്യകരമായ ഒരു ഭവനാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ബിസെൽ പ്രതിജ്ഞാബദ്ധമാണന്ന് ബിസെൽ ഹോംകെയർ ഇൻകോർപ്പറേറ്റഡ് ഗ്ലോബൽ മാർക്കറ്റ്സ് പ്രസിഡന്റ് മാക്സ് ബിസെൽ പറഞ്ഞു. കരീനയുടെ പിന്തുണയോടെ, രാജ്യത്ത് തങ്ങളുടെ സാന്നിധ്യം ശക്തമാകുമ്പോൾ കൂടുതൽ കൂടുതൽ ഇന്ത്യൻ ഭവനങ്ങളെ മികച്ചതും സ്റ്റൈലിഷുമായ ക്ലീനിംഗ് പരിഹാരങ്ങൾ സ്വീകരിക്കുന്നതിന് പ്രചോദിപ്പിക്കാൻ തങ്ങൾ ആഗ്രഹിക്കുന്നതായും അദ്ദേഹം പറഞ്ഞു. വീടിനെക്കുറിച്ചും അതിനെ പരിപാലിക്കുന്നതിനെക്കുറിച്ചും ഏറെ ശ്രദ്ധയും അതേസമയം ആശങ്കയുമുള്ള വ്യക്തിയായ തനിക്ക് കഠിനാധ്വാനം ചെയ്യുന്ന ഒരു ക്ലീനിംഗ് പങ്കാളിയെയാണ് ബിസെലിൽ കണ്ടെത്താനായതെന്ന് കരീന കപൂർ ഖാൻ പറഞ്ഞു. കരീന ബിസെലിന്റെ ഉടൻ ആരംഭിക്കുന്ന ക്യാംപെയ്നിനെ നയിക്കും.

# ഒ.ടി.പിയും പാസ് വേർഡും ഇല്ലാതെ അടിച്ചെടുക്കും ഈ സോഫ്ട് വെയറുകൾ; എങ്ങനെ രക്ഷപെടാം?




ഓൺലൈൻ തട്ടിപ്പുകൾ തടയാൻ സർക്കാർ സംവിധാനങ്ങൾ ശക്തമാക്കുമ്പോൾ തട്ടിപ്പുകാർ പുതിയ വഴികളിലേക്കാണ് കടക്കുന്നത്. ഒ.ടി.പി ചോദിച്ചും ലിങ്കുകൾ അയച്ചും തട്ടിപ്പ് നടത്തിയ കാലം മാറുകയാണ്. ഇപ്പോൾ ചിത്രങ്ങളിലൂടെയാണ് പണി വരുന്നത്. കണ്ണുകൾക്ക് കണ്ടെത്താൻ കഴിയാത്ത രീതിയിൽ വാട്സ്ആപ്പ് ഇമേജുകളിൽ അപകടകാരികളായ സോഫ്ട്വെയറുകളെ ഒളിപ്പിച്ച് സൈബർ ക്രിമിനലുകൾ രംഗത്തെത്തിയിരിക്കുകയാണ്. നിരവധി പേരാണ് പുതിയ തട്ടിപ്പിന്റെ ഇരകളാകുന്നത്.

**തട്ടിപ്പിന്റെ പുതിയ രീതി**

മധ്യപ്രദേശിലെ ജബൽപൂരിൽ അടുത്തിടെ വാട്സ്ആപ്പ് ഉപയോക്താവിന് നഷ്ടമായത് 2 ലക്ഷം രൂപ. വാട്സ്ആപ്പിൽ വന്ന ഒരു ഇമേജ് ഡൗൺലോഡ് ചെയ്തപ്പോളാണ് തട്ടിപ്പിന് ഇരയായത്. ഡിജിറ്റൽ തട്ടിപ്പിലെ പുതിയ രീതിയാണ് ഇമേജുകളിലൂടെ അരങ്ങേറുന്നത്. ആശയവിനിമയ രംഗത്ത് മുമ്പ് ഉപയോഗിച്ചിരുന്ന സ്റ്റെഗനോഗ്രാഫി സാങ്കേതിക വിദ്യ ഉപയോഗിച്ച് ഹാക്കർമാർ നടത്തുന്ന തട്ടിപ്പാണിത്. പ്രത്യേക തരം സോഫ്റ്റ്വെയർ ഇമേജുകളിൽ ഒളിപ്പിക്കുന്നു. ഇത്തരം ഇമേജുകൾ ഡൗൺലോഡ് ചെയ്യുമ്പോൾ ഫോണിലെ വിവരങ്ങൾ സോഫ്റ്റ്‌വെയർ വഴി ചോർത്തുകയാണ് ചെയ്യുന്നത്. സ്വകാര്യ പാസ്‌വേഡുകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ ചേർത്തി അക്കൗണ്ടുകളിൽ നിന്ന് പണം കവരും. അക്കൗണ്ട് ഉടമക്ക് ഒ.ടി.പി പോലുള്ള ഒരു സൂചനയും ലഭിക്കില്ല.

**എങ്ങനെ രക്ഷപ്പെടാം**

ഈ തട്ടിപ്പിൽ നിന്ന് രക്ഷപ്പെടാൻ രണ്ട് വഴികളാണ് ടെക് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നത്. ഫോൺ സോഫ്റ്റ് വെയർ ഇടക്കിടെ അപ്ഡേറ്റ് ചെയ്യുക, വിശ്വാസ യോഗ്യമായ ആന്റി വൈറസ് ആപ്പ് ഇൻസ്റ്റാൾ ചെയ്യുക എന്നിവയാണിത്. ഇത്തരം തട്ടിപ്പുകളെ കുറിച്ച് വ്യാപക പരാതി ലഭിച്ചതിനെ തുടർന്ന് വാട്സ്ആപ്പിൽ പുതിയ അപഡേഷനുകൾ ഉൾകൊള്ളിച്ചിട്ടുണ്ട്. അപകടകാരികളായ സോഫ്റ്റ്വെയറുകളെ കണ്ടെത്താൻ ഇത് സഹായിക്കും. പരിചിതമല്ലാത്ത നമ്പറുകളിൽ നിന്ന് വരുന്ന മെസേജുകൾ തുറക്കരുതെന്നും ഡൗൺലോഡ് ചെയ്യാൻ ശ്രമിക്കരുതെന്നും ടെലികോം വകുപ്പും മുന്നറിയിപ്പ് നൽകുന്നു.

# നിക്ഷേപിക്കാൻ മാത്രമല്ല, പിൻവലിക്കാനും വേണം ആസൂത്രണം



വമ്പൻ വിജയ ലക്ഷ്യമുള്ള ക്രിക്കറ്റ് ടീമിന് തുടക്കത്തിൽ അഞ്ച് വിക്കറ്റുകൾ നഷ്ടമായെന്ന് കരുതുക. മധ്യനിര നന്നായി കളിച്ചാലും ടീം സമ്മർദത്തിലായിരിക്കും. ഓപ്പണിംഗ് ബാറ്റ്സ്മാൻമാർ തുടക്കത്തിൽ നന്നായി സ്കോർ ചെയ്തിരുന്നുവെങ്കിൽ ടീം സമ്മർദത്തിലാവില്ല. ബാക്കിയുള്ള ലക്ഷ്യം എളുപ്പത്തിൽ പിന്തുടർന്ന് നേടാൻ കഴിയുന്നതിനാൽ വിജയ സാധ്യത കൂടും. നിക്ഷേപത്തോടൊപ്പം ഇത് ചേർത്ത് വായിക്കാം. ഒരു കോടി രൂപയുടെ സമ്പാദ്യമുള്ള വിരമിച്ച രണ്ടുപേരെ ഇതിനായി ഉദാഹരിക്കാം. അവർ വർഷം അഞ്ച് ലക്ഷം രൂപ വീതം പിൻവലിക്കുന്നു. അതായത് 10 വർഷത്തിനുള്ളിൽ മൊത്തം 50 ലക്ഷം രൂപ. 10 വർഷം കഴിഞ്ഞപ്പോൾ ആദ്യത്തെ നിക്ഷേപകന് 37.32 ലക്ഷം രൂപയാണ് മിച്ചമുണ്ടായിരുന്നത്. രണ്ടാമത്തെ നിക്ഷേപകന്റെ പോർട്ഫോളിയോ ആകട്ടെ 58.52 ലക്ഷം രൂപയായി വളരുകയും ചെയ്തു. രണ്ടാമത്തെ നിക്ഷേപകനേക്കാൾ ആദ്യത്തെ നിക്ഷേപകന്റെ സമ്പത്തിൽ 36 ശതമാനം കുറവ്. എങ്ങനെ ഇത് സംഭവിച്ചുവെന്ന് വിലയിരുത്താം. ഓരോ വർഷവും വ്യത്യസ്ത നിരക്കിൽ ആദായം ലഭിച്ചതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്. -5%, -6%, -15%, -8%, -4%, 5%, 7%, 9%, 11%, 9%-എന്നിങ്ങനെയാണ് ഓരോവർഷവും ആദ്യത്തെ നിക്ഷേപകന് ലഭിച്ചത്(പട്ടിക കാണുക). രണ്ടാമത്തെ നിക്ഷേപകനാകട്ടെ അതിന്റെ വിപരീത ക്രമത്തിൽ (9%, 11%, 9%, 7%, 5%, 4%, 8%, 15%, 6%, 5%) ഇപ്രകാരവും ആദായം ലഭിച്ചു. ആദ്യത്തെ നിക്ഷേപകൻ വിപണിയിൽ ഇടിവുണ്ടായപ്പോഴും രണ്ടാമത്തെയാൾ കുതിപ്പിന്റെ ഘട്ടത്തിലുമാണ് നിക്ഷേപം ആരംഭിച്ചത്. അവരുടെ ആദായം ഒരുപോലെയാണെങ്കിലും വിപരീത ക്രമത്തിലാണെന്ന് കാണാം. നേട്ടക്കണക്കുകൾ ഉദാഹരണത്തിന് വേണ്ടി മാത്രം ചൂണ്ടിക്കാണിച്ചതാണ്. എക്സ്.ഐ.ആർ.ആർ പ്രകാരമാണ് റിട്ടേൺ കണക്കാക്കിയിട്ടുള്ളത്. ഈ കാലയളവിൽ ആദ്യത്തെ നിക്ഷേപകന് മൊത്തം ലഭിച്ചത് 87.32 ലക്ഷം(50 ലക്ഷം + 37.32 ലക്ഷം) രൂപയാണ്. രണ്ടാമത്തെ നിക്ഷേപകനാകട്ടെ 1.08 ലക്ഷം രൂപ(50 ലക്ഷം + 58.52 ലക്ഷം) യും സമാഹരിച്ചു. ആകെ പിൻവലിച്ച തുകയും ഒടുവിൽ ലഭിച്ച തുകയും ചേർത്തിട്ടുള്ളതാണ് മൊത്തം കണക്ക്. 50 ലക്ഷം പിൻവലിച്ചിട്ടും 2015-2019 വരെയുള്ള അഞ്ച് വർഷം വിപണി നെഗറ്റീവ് ആദായം നൽകിയിട്ടും രണ്ടാമത്തെ നിക്ഷേപകന് 8.52 ലക്ഷം രൂപയുടെ അറ്റ ലാഭം ഉണ്ടായിട്ടുള്ളതായി കാണാം.

**എങ്ങനെ ഇത് സംഭവിച്ചു?**

നിക്ഷേപം നടത്തുന്ന കാലയളവ് വളരെ പ്രധാനമാണെന്നതിന് തെളിവാണിത്. രണ്ട് നിക്ഷേപകരും ഒരേ തുക നിക്ഷേപിച്ചാണ് സിസ്റ്റമാറ്റിക് വിത്ഡ്രോവൽ പ്ലാൻ പ്രകാരം പണം പിൻവലിക്കുന്നത്. റിട്ടേണിലെ വ്യത്യാസം മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നുകാണാം. ഉദാഹരണത്തിന്, ആദ്യത്തെ വർഷം അഞ്ച് ലക്ഷം രൂപയാണ് പിൻവലിച്ചത്. അതോടൊപ്പം ആദായത്തിൽ അഞ്ച് ശതമാനം നഷ്ടവുമുണ്ടായി. ഇതേതുടർന്ന് നിക്ഷേപത്തിലെ ബാക്കി തുക 90 ലക്ഷമായി കുറഞ്ഞു. രണ്ടാമത്തെയാളിന്റെ നിക്ഷേപം 1.04 കോടിയായി കൂടുകയാണുണ്ടായത്. ആദ്യത്തെ വർഷം അദ്ദേഹത്തിന് ഒമ്പത് ശതമാനം റിട്ടേൺ ലഭിച്ചതുകൊണ്ടാണ് ഇപ്രകാരം സംഭവിച്ചത്(പട്ടിക പ്രകാരം വിലയിരുത്തുക). അതേസമയം, ആറാം വർഷം മുതൽ പത്താം വർഷംവരെ നെഗറ്റീവ് റിട്ടേൺ ആണ് ലഭിച്ചതെങ്കിലും അവസാനമെത്തുമ്പോൾ പോർട്ഫോളിയോയിൽ അത് അത്രത്തോളം സ്വാധീനം ചെലുത്തിയില്ലെന്ന് കാണാം. ആദ്യത്തെ നിക്ഷേപകന് തുടക്കത്തിലെ അഞ്ച് വർഷം നെഗറ്റീവ് റിട്ടേൺ ആണ് ലഭിക്കുന്നത്. അതോടൊപ്പം വർഷംതോറും അഞ്ച് ലക്ഷം രൂപ പിൻവലിക്കുന്നത് തുടരുകയും ചെയ്യുന്നു. നെഗറ്റീവ് ആദായത്തോടൊപ്പം പിൻവലിക്കൽ കൂടി ചേരുമ്പോൾ ആദ്യത്തെ നിക്ഷേപകന്റെ പോർട്ഫോളിയോ മൂല്യത്തിൽ 'സ്നോബോൾ പ്രഭാവം' ഉണ്ടാകുന്നു. അതോടെ ആവസാന കാലയളവിൽ അത് നഷ്ടമായി പരിണമിക്കുകയും ചെയ്യുന്നു. വിരമിച്ചശേഷം ഒരേയൊരു വരുമാന സ്രോതസിൽ ആശ്രയിക്കുന്നവരുടെ കാര്യത്തിൽ, ലഭിക്കുന്ന റിട്ടേണുകളുടെ ക്രമം നിർണായകമാകുന്നത് ഇതുകൊണ്ടാണ്. റിട്ടേണിന്റെ ക്രമം(Sequence of Riturn Risk) നിക്ഷേപ മൂല്യത്തെ എങ്ങനെ ഇത് സ്വാധീനിക്കുന്നുവെന്ന് വ്യക്തമാക്കുന്നു. സൈദ്ധാന്തികമായി ഈ ആശയം ശരിയാണെങ്കിലും, മികച്ച നേട്ടത്തിനായി 'മാർക്കറ്റ് ടൈമിങ്' പ്രയോജനപ്പെടുത്തുകയെന്നത് എളുപ്പമല്ല. വിപണിയിലെ നേട്ടവും നഷ്ടവും ആർക്കും മുൻകൂട്ടി അറിയാൻ കഴിയുകയില്ലന്നതുതന്നെ കാരണം. 15-20 വർഷത്തെ നിക്ഷേപ കാലയളവ് മുന്നിലുള്ളതിനാൽ വിരമിച്ചവർ(പ്രത്യേകിച്ച് 60 വയസ്സുള്ളവർ) ഇത്തരത്തിൽ റിട്ടേൺ ക്രമത്തിലെ നഷ്ടസാധ്യത കണക്കിലെടുത്ത് ആസൂത്രണം നടത്തേണ്ടത് നിർണായകമാണ്. ചരിത്രം പരിശോധിച്ചാൽ, സെൻസെക്സിന് 1986-87, 1995-96, 2000-01 കാലഘട്ടങ്ങളിൽ തുടർച്ചയായി രണ്ട് വർഷം ഇടിവുണ്ടായിട്ടുണ്ടെന്നുകാണാം. എന്നിരുന്നാലും, പ്രതിദിന, പ്രതിമാസ കണക്കുകൾ വിശദമായ പരിശോധിച്ചാൽ പലപ്പോഴും തുടർച്ചയായ നെഗറ്റീവ് വരുമാനം കാണാൻ കഴിയും. (ഉറവിടം: ബിഎസ്ഇ). അനുയോജ്യം ഈ സമീപനം ഹ്രസ്വകാലയളവിൽ സ്ഥിര വരുമാന പോർട്ട്ഫോളിയോ, ഇടക്കാലയളവിൽ ഹൈബ്രിഡ്, ദീർഘകാലയളവിൽ ഓഹരി എന്നിങ്ങനെ മൂന്ന് ബക്കറ്റുകളിലായി നിക്ഷേപം (3 ബക്കറ്റ് സമീപനം) ക്രമീകരിച്ച് ഈ റിസ്കിനെ മറികടക്കാം. കരുതൽ ധനം സൂക്ഷിച്ച് ചാഞ്ചാട്ടത്തിന്റെ കാലയളവിൽ നഷ്ടം ലഘൂകരിക്കുകയും ചെയ്യുക. അല്ലെങ്കിൽ പിൻവലിക്കൽ തുക കുറയ്ക്കുകയോ സ്ഥിരമായ വാർഷിക ആദായം നേടാൻ കടപ്പത്രം, സ്വർണം, റീറ്റസ്, അന്താരാഷ്ട്ര ആസ്തികൾ തുടങ്ങിയവയിൽ വൈവിധ്യവത്കരിച്ച് പോർട്ഫോളിയോ ക്രമീകരിക്കുകയും ചെയ്യാം. വിപണികളിൽ ഒറ്റത്തവണ നിക്ഷേപം നടത്തുമ്പോഴും പ്രത്യേകിച്ചും മൂലധനത്തിൽ നിന്ന് പിൻവലിക്കുമ്പോഴും പരിഗണിക്കേണ്ട ഒരു പ്രധാന ഘടകമാണ് 'റിട്ടേണിന്റെ ക്രമം'. വമ്പൻ വിജയ ലക്ഷ്യം മുന്നിലുള്ളപ്പോൾ തുടക്കത്തിൽ വിജയം നേടുന്നത് ക്രിക്കറ്റിൽ ജയസാധ്യത വർധിപ്പിക്കുന്നതുപോലെ, നിക്ഷേപത്തിന്റെ തുടക്ക വർഷങ്ങളിലെ നേട്ടം പോർട്ട്ഫോളിയോയുടെ അവസാന സ്കോറിനെയോ മൂല്യത്തെയോ സ്വാധീനിക്കുമെന്നും അറിയുക. ഓഹരി വിപണിയിൽ അവിഭാജ്യ ഘടകമാണ് ചാഞ്ചാട്ടം. വിശ്വസ്തരായ ഉപദേഷ്ടാക്കളുടെ സഹായത്തോടെ മികച്ച രീതിയിൽ നിക്ഷേപം ക്രമീകരിക്കാൻ ശ്രദ്ധിക്കുക.

# ലെതർ ഉൽപ്പന്നങ്ങളുടെ കയറ്റുമതി ഗണ്യമായി വർധിക്കും, നിർണായക നിയന്ത്രണങ്ങൾ എടുത്ത് കളഞ്ഞ് മോദി സർക്കാർ



തുകൽ കയറ്റുമതി പ്രക്രിയ എളുപ്പത്തിലും വേഗത്തിലും ആക്കുന്നതിനായി നിയന്ത്രണങ്ങളിൽ ഇളവ് വരുത്തി വാണിജ്യ മന്ത്രാലയത്തിന് കീഴിലുള്ള ഡയറക്ടറേറ്റ് ജനറൽ ഓഫ് ഫോറിൻ ട്രേഡ് (DGFT). തുകൽ കയറ്റുമതി ചെയ്യുന്നതിനുള്ള നിയന്ത്രണങ്ങൾ കാരണം ഉയർന്ന ചെലവുകളും കാലതാമസവും നേരിടുന്ന ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (SME) വളരെയധികം സഹായകരമാണ് പുതിയ മാറ്റം. കയറ്റുമതി എളുപ്പമാക്കി വ്യാപാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പുതിയ മാറ്റം അവതരിപ്പിച്ചിരിക്കുന്നത്. ഫിനിഷ്ഡ് ലെതർ, വെറ്റ് ബ്ലൂ ലെതർ, എൽ ടാൻഡ് ലെതർ എന്നിവ ഏത് തുറമുഖത്തു നിന്നും ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോയിൽ (ICD) നിന്നും ഇനി കയറ്റുമതി ചെയ്യാവുന്നതാണ്. കൂടാതെ, സെൻട്രൽ ലെതർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ (CLRI) ഈ ഉൽപ്പന്നങ്ങൾക്കുള്ള നിർബന്ധിത പരിശോധനയും സർട്ടിഫിക്കേഷനും ഒഴിവാക്കി. കയറ്റുമതി തീരുവ നീക്കം ചെയ്യുകയും അസംസ്കൃത വസ്തുക്കളിൽ നിന്ന് സംസ്കരിച്ച തുകലിനെ വേർതിരിച്ചറിയാൻ ഇപ്പോൾ എളുപ്പമാവുകയും ചെയ്തതിനാലാണ് പരിശോധനകൾ ഒഴിവാക്കിയത്. ഈ നിയമങ്ങൾ ചെലവ് വർദ്ധിപ്പിക്കുകയും കയറ്റുമതി മന്ദഗതിയിലാക്കുകയും ചെയ്യുന്നതായി വ്യവസായികളുടെ വളരെക്കാലമായുള്ള പരാതികളായിരുന്നു. ലോകമെമ്പാടുമുള്ള മൂല്യവർധിത തുകൽ ഉൽപ്പന്നങ്ങളുടെ മുൻനിര കയറ്റുമതി രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. ഇന്ത്യയിലെ തുകൽ ഉൽപ്പന്നങ്ങളുടെ ഏറ്റവും വലിയ വിപണി യു.എസാണ്. ഇന്ത്യയുടെ തുകൽ, തുകൽ ഉൽപ്പന്ന കയറ്റുമതി സമീപ വർഷങ്ങളിൽ ശക്തമായ വളർച്ചയാണ് കൈവരിച്ചത്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കണക്കുകൾ പ്രകാരം 2023 സാമ്പത്തിക വർഷത്തിൽ 291 കോടി ഡോളറായിരുന്ന കയറ്റുമതി 2025 സാമ്പത്തിക വർഷത്തിൽ 436 കോടി ഡോളറായാണ് ഉയർന്നത്.

# ടൈം ബോംബി'നു മുകളിൽ ബംഗ്ലദേശ്, നിലംപൊത്താറായി വ്യവസായങ്ങൾ, അട്ടിമറിക്ക് തക്കം പാർത്ത് സൈന്യം; എല്ലാറ്റിനും പിന്നിൽ ഇന്ത്യൻ കൈ കണ്ട് യൂനുസ്



രാഷ്ട്രീയ അനിശ്ചിതത്തിനൊപ്പം ബംഗ്ലദേശിൽ സാമ്പത്തിക പ്രതിസന്ധിയും രൂക്ഷമാകുന്നു. ഒരുകാലത്ത് ടെക്സ്റ്റൈൽ രംഗത്തെ അതികായരായിരുന്ന ബംഗ്ലദേശ് രൂക്ഷമായ സാമ്പത്തിക തകർച്ചയിലാണെന്ന് ഈ രംഗത്തെ വിദഗ്ധർ പറയുന്നു. രാജ്യത്ത് ഊർജ്ജ പ്രതിസന്ധി രൂക്ഷമായതോടെ വ്യവസായങ്ങളെല്ലാം അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഇതിന് പുറമെ രാജ്യത്തെ കാവൽ സർക്കാരിനെ നയിക്കുന്ന മുഖ്യ ഉപദേശകൻ മുഹമ്മദ് യൂനുസിനെ അധികാരത്തിൽ നിന്നും പുറത്താൻ സൈന്യം ശ്രമം തുടങ്ങിയതായും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്താണ് ബംഗ്ലദേശിൽ സംഭവിക്കുന്നത്? പരിശോധിക്കാം

**പഞ്ഞകാലത്തിലേക്ക്**

കഴിഞ്ഞ ദിവസമാണ് ബംഗ്ലദേശിലെ സാമ്പത്തിക പ്രതിസന്ധിയുടെ ആഴം വെളിപ്പെടുത്തിയ വാർത്താ സമ്മേളനം രാജ്യതലസ്ഥാനമായ ധാക്കയിൽ നടന്നത്. രാജ്യത്തെ സാമ്പത്തിക മേഖല ടൈം ബോംബ് പോലെയാണെന്ന് ടെക്സ്റ്റൈൽ മിൽസ് അസോസിയേഷൻ, ബംഗ്ലദേശ് ചേംബർ ഓഫ് കൊമേഴ്സ് തുടങ്ങിയ വ്യാപാര സംഘടന പ്രതിനിധികൾ ആരോപിച്ചു. ഇടക്കാല സർക്കാരിന്റെ കെടുകാര്യസ്ഥത ഉത്പാദന ചെലവുകൾ വർധിപ്പിച്ചു. ഇന്ധന പ്രതിസന്ധിയും രൂക്ഷമാണ്. ബിസിനസ് ചെയ്യാനുള്ള അനുകൂല സാഹചര്യമല്ല നിലവിൽ. സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടായില്ലെങ്കിൽ രാജ്യം പട്ടിണിയിലാകുമെന്നും ഇവർ മുന്നറിയിപ്പ് നൽകി. നിലവിലെ സ്ഥിതി 1971ലെ ലിബറേഷൻ യുദ്ധത്തിന് സമാനമാണെന്ന് ബംഗ്ലദേശ് ടെക്സ്റ്റൈൽ മിൽസ് അസോസിയേഷൻ പ്രസിഡന്റ് ആരോപിച്ചു. അന്ന് ബുദ്ധിജീവികളെയാണ് ലക്ഷ്യം വെച്ചിരുന്നത്. ഇന്നത് വ്യവസായികൾക്ക് നേരെയാണ്. പണം അടക്കുന്നുണ്ടെങ്കിലും പാചക വാതകം ലഭിക്കുന്നില്ല. ഫാക്ടറികൾ നിശ്ചലമാണ്. എന്നിട്ടും വായ്പ തിരിച്ചടക്കാനുള്ള സമ്മർദ്ദം മുറുകുന്നു. ഇതിന് പിന്നിൽ ഗൂഢാലോചനയുണ്ടെന്നും അദ്ദേഹം ആരോപിച്ചു. ഗ്യാസും വൈദ്യുതിയും ഇല്ലാത്തതിന്റെ പേരിൽ നിരവധി ഫാക്ടറികളാണ് അടച്ചുപൂട്ടിയത്. എന്നിട്ടും മാസങ്ങളായി ജീവനക്കാർക്ക് ശമ്പളം കൊടുക്കുകയാണ്. ഇനിയും പിടിച്ചുനിൽക്കാനാകില്ലെന്നും വ്യവസായികൾ പറയുന്നു.

**സൈന്യം ഭരണം പിടിക്കുമോ?**

രാജ്യത്ത് ഡിസംബറിനുള്ളിൽ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിക്കണമെന്ന് സൈന്യം അന്ത്യശാസനം നൽകിയതോടെ ബംഗ്ലദേശിൽ രാഷ്ട്രീയ പ്രതിസന്ധിയും രൂക്ഷമായി. മുഹമ്മദ് യൂനുസിനെ അധികാരത്തിൽ നിന്നും നീക്കാൻ സൈനിക മേധാവി വക്കാറുൽ സമാൻ ശ്രമം തുടങ്ങിയതായി കഴിഞ്ഞ ദിവസം സി.എൻ.എൻ ന്യൂസ് 18 റിപ്പോർട്ട് ചെയ്തിരുന്നു. സർക്കാരുമായി ബന്ധപ്പെട്ട ഉന്നത യോഗങ്ങളിൽ പങ്കെടുത്തും വാർത്താ സമ്മേളനങ്ങൾ നടത്തിയും സൈനിക ഉദ്യോഗസ്ഥരും കളം നിറയുകയാണ്. തിരഞ്ഞെടുപ്പിന് വേണ്ടി കൂടുതൽ കാലം കാത്തിരിക്കേണ്ടെന്ന നിലപാടാണ് സൈന്യത്തിന്. യൂനുസിനെ പുറത്താക്കാൻ ബംഗ്ലദേശിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള സാധ്യതയും നിരീക്ഷകർ തള്ളിക്കളയുന്നില്ല. എന്നാൽ സർക്കാരുമായി ഭിന്നതയുണ്ടെന്ന വാർത്തകൾ തെറ്റാണെന്ന് പിന്നീട് ബംഗ്ലദേശ് സൈന്യം പ്രതികരിച്ചു.

**ഇന്ത്യൻ 'ഹെജിമണി'ക്കുള്ള നീക്കം!**

അതേസമയം, രാജ്യത്തെ നിലവിലെ പ്രതിസന്ധി മേഖലയിൽ ആധിപത്യം സ്ഥാപിക്കാനുള്ള ഇന്ത്യൻ ഗൂഢാലോചനയുടെ ഭാഗമാണെന്ന് വരുത്തിതീർക്കാനാണ് യൂനുസിന്റെ ശ്രമം. ബംഗ്ലദേശിലെ രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽ ഇക്കാര്യം യൂനുസ് അവതരിപ്പിച്ചതായുള്ള വെളിപ്പെടുത്തലുകളും പുറത്തുവന്നു. മുൻ പ്രസിഡന്റ് ഷെയ്ഖ് ഹസീനയുടെ നേതൃത്വത്തിലുള്ള അവാമി ലീഗിന്റെ പ്രവർത്തനം നിയന്ത്രിച്ചതിന് പിന്നാലെ ബംഗ്ലദേശിനെ തകർക്കാൻ ഇന്ത്യ ശ്രമിക്കുകയാണെന്നും യൂനുസ് ആരോപിക്കുന്നു.

# കേന്ദ്രവും കേരളവും തർക്കിച്ചു തീരുന്നില്ല, ആയുഷ്മാനിൽ ചികിത്സയുമില്ല; മറ്റു സംസ്ഥാനങ്ങൾ പ്രയോജനപ്പെടുത്തുന്ന പദ്ധതിക്ക് കേരളത്തിൽ കടലാസ് വില..



ആയുഷ്മാൻ വയോ വന്ദ
നൽകാൻ ആരംഭിച്ചിരിക്കു
ിന്നാക്കം നിൽക്കുന്നവർ
ക്കിയിരിക്കുന്നത്. ആയു
പദ്ധതിയിൽ (KASP, കാ
പര്യാപ്തമായ കേന്ദ്ര വി
തി നടപ്പാക്കുന്നതിനുള്ള
അതിനാൽ സാമ്പത്തിക
ലഭിക്കുന്ന പദ്ധതി കേര
പരിധിക്ക് മുകളിലുള്ള ആളു
ന്നുണ്ടെങ്കിലും നിലവിൽ
ലഭിക്കാത്ത സാഹചര്യ
ും ആയുഷ്മാൻ വയോ
അക്ഷയ കേന്ദ്രങ്ങളിലും
നിലവിൽ സംസ്ഥാനത്ത്
-കാസ്പ് പദ്ധതിയിൽ
ക്കുന്നതിനുള്ള 90 ശതമാനം
ശതമാനം ഫണ്ട് മാത്രമാണ്
യില്ലാതെ ആളുകളെ പദ്ധതി
പോയാൽ സംസ്ഥാനത്തിന്
ആകെ പദ്ധതി ചെലവിന്റെ
ആവശ്യമാണ് സംസ്ഥാനം
ഡിച്ച് വലിയ പ്രതികരണം
മുകളിലുള്ള വ്യക്തികൾക്ക്
വരെ സൗജന്യ ചികിത്സ

ന കാർഡ് ഇപ്പോൾ ആയുഷ്മാൻ ആപ്പ് വഴിയും
കയാണ്. കേരളത്തിൽ പക്ഷെ സാമ്പത്തികമായി പ
ക്ക് മാത്രമാണ് ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പാ
ഷ്മാൻ ഭാരതിനെ കാരുണ്യ ആരോഗ്യ സുരക്ഷാ
സ്പ്) ലയിപ്പിച്ചാണു കേരളത്തിൽ നടപ്പാക്കുന്നത്.
ഹിതം സംസ്ഥാനത്തിന് ലഭിക്കാത്തതാണ് പദ്ധ
പ്രതിസന്ധിക്കുള്ള പ്രധാന കാരണങ്ങളിലൊന്ന്.
സ്ഥിതി പരിഗണിക്കാതെ സൗജന്യ വൈദ്യചികിത്സ
ളത്തിൽ നിലവിൽ ലഭ്യമല്ല. നിശ്ചിത സാമ്പത്തിക
കൾക്ക് പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കു
സംസ്ഥാനത്തെ ആശുപത്രികളിൽ നിന്ന് ചികിത്സ
മാണ് ഉള്ളത്. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന
വന്ദന കാർഡ് ലഭിക്കുന്നതിനായി നിരവധി പേരാണ്
എംപാനൽ ചെയ്ത ആശുപത്രികളിലും എത്തുന്നത്.
ഏകദേശം 43 ലക്ഷം കുടുംബങ്ങളെ പി.എം.ജെ.വൈ
എന്റോൾ ചെയ്തിട്ടുണ്ട്. കേരളത്തിൽ പദ്ധതി നടപ്പാ
ഫണ്ടും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. 10
കേന്ദ്ര വിഹിതമായി ലഭിക്കുന്നത്. സാമ്പത്തിക പരിധി
യിൽ ചേർത്താൽ വീണ്ടും ഈ രീതിയിൽ മുന്നോട്ടു
അത് വലിയ സാമ്പത്തിക ബാധ്യതയാണ് സൃഷ്ടിക്കുക.
60 ശതമാനം കേന്ദ്ര വിഹിതമായി ലഭിക്കണമെന്ന
ഉന്നയിക്കുന്നത്. പക്ഷെ കേന്ദ്രത്തിൽ നിന്ന് ഇതുസംബ
ലഭിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് 70 വയസിനു
സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ 5 ലക്ഷം രൂപ
വാഗ്ദാനം ചെയ്യുന്ന പദ്ധതി സംസ്ഥാനത്ത് അനിശ്ചി
തത്വത്തിലാകുന്നത്. ഇന്ത്യയിലെ 35 സംസ്ഥാനങ്ങളിലും/ കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.



സെക്കൻഡറി, ടെർഷ്യറി മേഖലകളിലെ പൊതു, എംപാനൽഡ് സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ പദ്ധതി വാഗ്ദാനം ചെയ്യുന്നു. www.beneficiary.nha.gov.in എന്ന വെബ്സൈറ്റ് വഴിയും ആയുഷ്മാൻ ആപ്പ് (ഗൂഗിൾ പ്ലേ സ്റ്റോറിൽ ആൻഡ്രോയിഡ് ആപ്പ് ലഭ്യമാണ്) വഴിയും ഓൺലൈനായി അപേക്ഷിക്കാം. ആധാർ അധിഷ്ഠിത ഇ-കെവൈസി ഉപയോഗിച്ചാണ് പദ്ധതിയിൽ ചേരുന്നത്. ആപ്പ് വഴിയും വെബ്സൈറ്റ് വഴിയും ആയുഷ്മാൻ വയോ വന്ദന കാർഡ് ലഭ്യമാണെങ്കിലും സംസ്ഥാനത്ത് എംപാനൽ ചെയ്ത ആശുപത്രികളിൽ പോയി പദ്ധതിയിൽ ചേരുന്നതാണ് അഭികാമ്യം. 70 വയസ് കഴിഞ്ഞ സാമ്പത്തിക പരിധി ബാധകമല്ലാത്ത സ്കീമിലേക്ക് എന്റോൾ ചെയ്യപ്പെടാൻ സാധ്യതയുള്ളതിനാലാണ് ആപ്പ് വഴി സംസ്ഥാനത്ത് വയോ വന്ദന കാർഡ് എടുക്കുന്നത് അഭികാമ്യമല്ല എന്ന നിർദേശത്തിന് കാരണം.

**ആകെ പദ്ധതി ചെലവിന്റെ 60 ശതമാനം കേന്ദ്ര വിഹിതമായി ലഭിക്കണമെന്ന ആവശ്യമാണ് സംസ്ഥാനം ഉന്നയിക്കുന്നത്**

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com

കേരള പ്രണാമം



# ഡിവോഴ്സിന് ശേഷം അത് വലിച്ചെറിഞ്ഞു, നിനക്ക് ഇത്രയൊക്കെ ക്ഷമ ഉണ്ടായിരുന്നോയെന്ന് അമ്മ: സാധിക

സിനിമാ രംഗത്തും സീരിയൽ രംഗത്തും സാന്നിധ്യമറിയിച്ച നടി സാധിക വേണുഗോപാൽ പ്രേക്ഷകർക്ക് പ്രിയങ്കരിയാണ്. മോഡലിംഗ്, ടെലിവിഷൻ ഷോ തുടങ്ങി പല മേഖലകളിൽ സാധികയെ കണ്ടിട്ടുണ്ട്. തന്റെ വ്യക്തി ജീവിതത്തെക്കുറിച്ച് തുറന്ന് സംസാരിക്കുന്നയാളാണ് സാധിക. 2015 ലായിരുന്നു സാധികയുടെ വിവാഹം. മൂന്ന് വർഷത്തോളം വേർപിരിഞ്ഞ് കഴിഞ്ഞ ശേഷം 2022 ൽ ഇരുവരും ബന്ധം പിരിഞ്ഞു. വേർപിരിയലിന് തന്റെ കരിയർ ഒരു പ്രശ്നമായിട്ടില്ലെന്ന് സാധിക നേരത്തെ വ്യക്തമാക്കിയതാണ്. വിവാഹം, വിവാഹ മോചനം എന്നിവ തനിക്ക് വരുത്തിയ മാറ്റങ്ങളെക്കുറിച്ച് സംസാരിക്കുകയാണിപ്പോൾ സാധിക.്. വിവാഹത്തിന് മുമ്പ് വീട്ടുകാർ കുറച്ച് കൂടെ കൺസേർൺഡ് ആയിരിക്കും. എത്ര ഫോർവേർഡ് ആണെങ്കിലും വേറെ വീട്ടിൽ പോകേണ്ട കുട്ടിയാണ് എന്ന ചിന്തയുണ്ടാകും. നീ അവിടെ പോയാൽ ഇതൊന്നും നടക്കില്ലെന്ന് പണ്ട് അമ്മ എന്നോട് പറയാറുണ്ടായിരുന്നു. ഇപ്പോൾ അമ്മ ഒന്നും പറയാറില്ല. കാരണം അത് കഴിഞ്ഞു. നിനക്ക് ഇത്രയൊക്കെ ക്ഷമ ഉണ്ടായിരുന്നോ എന്നാണ് അത് കഴിഞ്ഞപ്പോൾ ചോദിച്ചത്. വിവാഹ ശേഷം നമ്മൾ ഒരുപാട് മാറും. നമ്മുടെ വീട്ടിൽ ചെയ്ത എല്ലാ കാര്യവും വേറൊരു വീട്ടിൽ പോയി ചെയ്യാൻ പറ്റില്ല. കുറേ കാര്യങ്ങൾ പഠിക്കും. മെച്യൂരിറ്റി ലെവൽ നല്ല രീതിയിൽ മാറും. സിനിമയിലേത് പോലെ വേറൊരു ക്യാരക്ടറായി മാറും. കുട്ടിത്തം മാറ്റി വെച്ച് പക്വതയെടുത്ത് തലയിൽ വെക്കും. വിവാഹ മോചനത്തിന് ശേഷം നേരെ തിരിഞ്ഞു. പക്വത വലിച്ചെറിഞ്ഞ് വീണ്ടും ഞാനെന്റെ കുട്ടിത്തത്തിലേക്ക് വന്നു. വീട്ടുകാർക്ക് ഞാൻ വീണ്ടും അവരുടെ സ്വന്തം മകളും കുട്ടിയുമായി മാറി. ആ വലിയൊരു തലവേദനയിൽ നിന്ന് ഞാൻ മാറി.

വിവാഹം ചെയ്യാത്ത പെൺകുട്ടികൾക്കുള്ള ഉപദേശവും സാധിക പങ്കുവെച്ചു. ജീവിതം ഒന്നേയുള്ളൂ. അത് പരമാവധി എക്സ്പ്ലോർ ചെയ്യണം. വിവാഹം ചെയ്യാൻ അത്രയ്ക്കും ആഗ്രഹമാണെങ്കിൽ അവരുടെ ചോയ്സ് ആണ്. ഞാനൊക്കെ ഒരു പ്രായം കഴിഞ്ഞാണ് അതിലേക്കൊക്കെ വന്നത്. ജീവിതത്തിൽ മിസ് ചെയ്തു എന്ന് തോന്നിയ ഒന്നും എനിക്കില്ല. എല്ലാം എക്സ്പ്ലോർ ചെയ്തിട്ടുണ്ട്. നമ്മൾ എക്സ്പ്ലോർ ചെയ്ത് നല്ലതാണോ അല്ലയോ എന്ന് നമ്മൾ തന്നെ മനസിലാക്കുക. അവനവൻ അനുഭവിക്കുമ്പോൾ അറിയാൻ പറ്റൂ. കല്യാണം കഴിഞ്ഞ് കുറച്ച് കഴിഞ്ഞാൽ കുട്ടികൾ വരും. കുട്ടികൾ വന്നാൽ പിന്നെ തീർന്നു. ആ ലൈഫ് എൻജോയ് ചെയ്യാം. പക്ഷെ 18, 20 വയസിലൊക്കെ ഒരു കുട്ടി വന്നാൽ അമ്മയായി മാറുകയാണ്. നമ്മളെന്താണെന്ന് പോലും തിരിച്ചറിയാൻ പറ്റാത്ത സമയത്ത് വലിയൊരു ഉത്തരവാദിത്വം തലയിലെടുത്ത് വെച്ചിട്ട് ശരിക്കും ലൈഫ് തുടങ്ങുമ്പോൾ എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. അപ്പോൾ പോയി ഡിവോഴ്സ് ചെയ്യുമ്പോൾ കാര്യമൊന്നുമില്ല. കുട്ടികളൊക്കെ നമ്മുടെ ലെവലിൽ എത്തി നിൽക്കുന്നുണ്ടാകും. പിന്നെ അവർ പഠിപ്പിക്കാൻ തുടങ്ങുമെന്നും സാധിക വേണുഗോപാൽ അഭിപ്രായപ്പെട്ടു. നേരത്തെയും വിവാഹത്തെക്കുറിച്ച് നടി സംസാരിച്ചിരുന്നു. വിവാഹ ശേഷം ഇൻഡസ്ട്രി വിട്ടത് എന്റെ തീരുമാനമായിരുന്നു. ഞാനാണ് ആളെ കണ്ടെത്തിയതും എന്റെ ജീവിതം തീരുമാനിച്ചതും. അന്ന് അച്ഛൻ പറഞ്ഞ ഒരേയൊരു കാര്യം ഒന്നുകിൽ സിനിമ. അല്ലെങ്കിൽ വിവാഹം എന്നാണ്. കുടുംബവും കുട്ടികളുമായി ജീവിക്കാനാണ് ഞാൻ ആഗ്രഹിച്ചത് അത് കൊണ്ടാണ് വിവാഹ ശേഷം അഭിനയത്തിൽ നിന്നും വിട്ടുനിന്നതെന്നും സാധിക അന്ന് വ്യക്തമാക്കി.

# ഇവനൊരു അടിയുടെ കുറവുണ്ടായിരുന്നു, അത് ഉണ്ണിയുടെ കയ്യിൽ നിന്ന് തന്നെ കിട്ടിയതിൽ സന്തോഷം: സംവിധായകൻ പറയുന്നു





ഇവന് ഒരു അടിയുടെ കുറവുണ്ടായിരുന്നു.. അത് ഉണ്ണിയുടെ കയ്യിൽ നിന്ന് തന്നെ കിട്ടിയതിൽ സന്തോഷം. 2021ൽ എന്റെ സ്ക്രിപ്റ്റിൽ ഉണ്ണിയെ നായകനാക്കി ഒരു ബിഗ് ബജറ്റ് പടം ചെയ്യാൻ ഒരു സംവിധായകൻ വന്നു. പ്രൊഡ്യൂസർ കന്നഡ സിനികളൊക്കെ ചെയ്ത ഒരാളായിരുന്നു. അവർക്ക് ഒറ്റ കണ്ടീഷൻ ഉള്ളത് നായിക രശ്മിക മന്ദാന ആയിരിക്കണം. ( അന്ന് പുഷ്പ 1 റിലീസ് ചെയ്തിട്ടില്ല.) സൗത്തിലെ 4 ഭാഷയിലും ഒരുമിച്ച് റിലീസ് ചെയ്യാനാണ് പ്ലാൻ. പരിപാടി കുറച്ചു വലുതായത് കൊണ്ട് പ്രോജക്റ്റ് ബാദുഷയെ ഏൽപ്പിക്കാൻ തീരുമാനിച്ചു. ഗോകുലം പാർക്കിൽ പോയി ബാദുഷയോട് കഥ പറഞ്ഞു. കഥ പുള്ളിക്ക് ഇഷ്ടപ്പെട്ടു.. അദ്ദേഹം തിരക്കിലായത് കൊണ്ട് കൂടുതൽ ഒന്നും പറയാതെ പിരിഞ്ഞു. എന്നാൽ അന്ന് രാത്രി പുള്ളിടെ ഒരു സുഹൃത്ത്, റിയാസ് വിളിച്ചു ബാദ്ക്ക കൂടെ ഉണ്ടെന്ന് പറഞ്ഞു. പുള്ളിക്ക് ഫോൺ കൊടുത്തു. എന്റെ കഥ ഗംഭീരമാണെന്നും ഉണ്ണിക്ക് പെർഫോം ചെയ്യാൻ ഒത്തിരി സാധ്യതകൾ ഉണ്ടെന്നും കമേഴ്സ്യലി വലിയ വിജയമാകാൻ ചാൻസ് ഉണ്ടെന്നും പറഞ്ഞു.

ഉണ്ണി ദുബായിയിൽ ആയിരുന്നത് കൊണ്ട് ബാദുഷ പറഞ്ഞത് പ്രകാരം ഉണ്ണീടെ മാനേജർ വിപിനോട് കഥ പറഞ്ഞു. കഥ കേട്ട് കൊള്ളാമെന്നു പറഞ്ഞ വിപിൻ ഇതിന് എത്ര ബജറ്റ് ആകുമെന്ന് ചോദിച്ചു. 12 കോടി ആണ് പ്രതീക്ഷിക്കുന്നതെന്ന് പറഞ്ഞു.. എന്തോ അത് അത്ര കൺവിൻസിങ് ആകാത്ത പോലെ, ശരി ഞാൻ ഉണ്ണിയോട് പറയാമെന്നു പറഞ്ഞു കൈ തന്ന് പിരിഞ്ഞു. പിന്നീട് ഒരു രണ്ടു മാസം ഒരു അപ്ഡേറ്റിന് വേണ്ടി വിപിന്റെയും ബാദുഷയുടേയും നമ്പറിൽ പല തവണ വിളിച്ചു.. ആദ്യമൊക്കെ ഓരോ ഒഴിവ് കഴിവ് പറഞ്ഞ അവർ പിന്നീട് കാൾ എടുക്കാതെയും മെസേജിനു റിപ്ലൈ ചെയ്യാതെയും ആയി. ഒടുവിൽ പ്രൊഡ്യൂസർ കൈവിട്ട് പോകുമെന്ന അവസ്ഥയിൽ മലയാളത്തിലെ മറ്റൊരു പ്രൊഡക്ഷൻ കൺട്രോളറെ പ്രൊജക്റ്റ് ഏൽപ്പിച്ചു. 24ന് ഞാൻ വിളിച്ചു അദ്ദേഹത്തോട് ആവശ്യം പറഞ്ഞു.. 26ന് വൈകുന്നേരം 6 മണിക്ക് ഞങ്ങൾ മാരിയറ്റ് ഹോട്ടലിൽ ഉണ്ണിയെ മീറ്റ് ചെയ്തു. ഉണ്ണിയുടെ കൂടെ വിപിനും ഉണ്ടായിരുന്നു. ഞങ്ങളെ കണ്ടതും അയാളുടെ മുഖം മാറി. ഞങ്ങളാണ് കഥ പറയാൻ വരുന്നതെന്ന് അവന് അറിയില്ലായിരുന്നു. ഡീറ്റെൽ ആയി കഥ കേൾക്കാൻ സമയമില്ലാത്തത് കൊണ്ട് ഉണ്ണി സിനോപസിസ് കേട്ടു. ഞാൻ പിച്ച് ഡെക്ക് കാണിച്ചു. അതിൽ ഒരു സീനിൽ വരുന്ന ഒരു ഗസ്റ്റ് റോളിന് ദുൽഖർ സൽമാനെ ആയിരുന്നു മനസ്സിൽ കണ്ടത്. അത് കണ്ടപ്പോൾ ഉണ്ണി ചോദിച്ചു. ഒരു സീനൊക്കെ ദുൽഖർ ചെയ്യുമോ..? ഉടനെ അടുത്തിരുന്ന വിപിൻ അറിയാതെ പറഞ്ഞു.. 'അത് ഞാനും ഇവരോട് ചോദിച്ചതാണ്', എന്ന്. അപ്പോൾ ഉണ്ണി വിപിനോട് ചോദിച്ചു നീ ഈ കഥ മുൻപ് കേട്ടിരുന്നോ..? വിപിൻ എന്തൊക്കെയോ പറഞ്ഞു ഉരുണ്ടു കളിച്ചു. അപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത് കഴിഞ്ഞ രണ്ട് മാസമായി ഉണ്ണി ഈ പ്രോജെക്ടിനെ കുറിച് അറിഞ്ഞിട്ട് പോലുമില്ല എന്ന്. ഉണ്ണിക്ക് പ്രോജെക്ടിൽ താല്പര്യം തോന്നി. ഒരാഴ്ച കഴിഞ്ഞു ഡീറ്റെൽ ആയി സ്ക്രിപ്റ്റ് വായിച്ചു കേൾക്കാമെന്ന് പറഞ്ഞു പിരിഞ്ഞു.. അപ്പോൾ സംവിധായകന്റെ ഫോണിൽ ബാദുഷയുടെ ഒരു മെസേജ് വന്നു കിടപ്പുണ്ടായിരുന്നു.'പ്ലീസ് കോൾ മി ബാക്ക്' എന്ന്. ഇനി തിരിച്ചു വിളിക്കേണ്ട കാര്യമില്ല എന്നും പറഞ്ഞു ഡയറക്ടർ ആ മെസേജ് അവഗണിച്ചു. അടുത്ത ദിവസം രാവിലെയും ബാദുഷ ഡയറക്ടറെ വിളിച്ചു. ഡയറക്ടർ കോൾ എടുത്തില്ല. ഞങ്ങൾ ഉണ്ണിയോട് സംസാരിക്കുന്ന നേരം വിപിൻ ആർക്കോ കാര്യമായി മെസേജ് ടൈപ്പ് ചെയ്ത് അയക്കുന്നുണ്ടായിരുന്നു. ഒരുപക്ഷേ ബാദുഷയ്ക്ക് ആയിരുന്നിരിക്കാം. 3 ദിവസം കഴിഞ്ഞപ്പോൾ പ്രൊഡ്യൂസർക്ക് കൊച്ചിയിൽ നിന്ന് ഒരു കോൾ, ഏതോ ഒരു പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് ആണെന്ന് സ്വയം പരിചയപ്പെടുത്തിയ ഒരാൾ. ഉണ്ണിയെ വച്ചു ചെയ്യുന്ന പ്രൊജക്റ്റ് റിസ്ക് ആണെന്നും ഷൂട്ട് പോലും കംപ്ലീറ്റ് ആകില്ലെന്നും. ആയാൽ തന്നെ റിലീസ് ആകുമെന്ന് ഉറപ്പില്ലെന്നുമൊക്കെ പറഞ്ഞു പ്രൊഡ്യൂസറെ നന്നായി പേടിപ്പിച്ചു. സംവിധായകനെ വിളിച് ഞാൻ ഒന്ന് കുടുംബവുമായി ചർച്ച ചെയ്തിട്ട് ബാക്കി കാര്യങ്ങൾ ചെയ്യാമെന്ന് പറഞ്ഞ പ്രൊഡ്യൂസർ 2 ദിവസത്തിന് ശേഷം വിളിച്ചു റിസ്ക് എടുക്കാൻ താൽപര്യമില്ലെന്ന് പറഞ്ഞു ആ പ്രോജെക്ടിൽ നിന്ന് പിന്മാറി. ഉണ്ണി ചെയ്തത്. ജോജു ജോർജ്, അഭിരാമി എന്നിവർ പ്രധാന കഥാപാത്രങ്ങളായെത്തിയ 'ഒറ്റക്കൊരു കാമുകൻ' സിനിമയുടെ സംവിധായകനാണ് ജയൻ വന്നേരി.


# ഉണ്ണി മുകുന്ദൻ, മേജർ രവിയെ എടുത്തിട്ട് ഇടിച്ചെന്നു പറഞ്ഞവരുണ്ട്: മാനേജറെ തല്ലിയ സംഭവത്തിൽ മേജർ രവി





മാനേജരെ തല്ലിയെന്ന ആരോപണത്തിൽ നടൻ ഉണ്ണി മുകുന്ദനെ പിന്തുണച്ച് സംവിധായകനും നടനുമായ മേജർ രവി. സംഭവം അറിഞ്ഞപ്പോൾ തന്നെ ഉണ്ണിയെ ഫോൺ വിളിച്ചിരുന്നുവെന്നും എന്നാൽ ഫോൺ എടുത്തില്ലെന്നും മേജർ രവി പറയുന്നു. വളരെ പക്വത കുറഞ്ഞ കുട്ടി എന്നാണ് താൻ ഉണ്ണിയെ വിളിക്കുന്നതെന്നും പ്രശ്നം എത്രയും പെട്ടന്ന് ഒത്തുതീർപ്പിലെത്തട്ടെയെന്നും മേജർ രവി മാധ്യമങ്ങളോടു പറഞ്ഞു. ''ഞാനറിയുന്ന ഒരു ഉണ്ണിയുണ്ട്. ഇന്ന് മലയാള സിനിമയിൽ ഉണ്ണി മുകുന്ദനുണ്ടെങ്കിൽ, പത്ത് ഇരുപത് വർഷം മുമ്പേ 21000 രൂപ അഡ്വാൻസ് കൊടുത്തിട്ട് അദ്ദേഹവുമായി ഒരു സിനിമയ്ക്കു കരാർ ഒപ്പിട്ട വ്യക്തിയാണ് ഈ മേജർ വരി. അന്ന് ഈ ഉണ്ണി മുകുന്ദനെ ആരും അറിയുക പോലുമില്ലായിരുന്നു. 'മാടക്കൊല്ലി' എന്നൊരു സിനിമയായിരുന്നു ഞങ്ങൾ ചെയ്യേണ്ടിയിരുന്നത്. പക്ഷേ പല കാരണങ്ങളാൽ ആ സിനിമ നടന്നില്ല. അതിനുശേഷം പലയിടത്തും ഉണ്ണി മുകുന്ദൻ, മേജർ രവിയെ എടുത്തിട്ട് ഇടിച്ചു, മുക്കി എന്നൊക്കെ പറഞ്ഞ് വാർത്തകൾ വന്നു. അതെല്ലാം വളരെ സന്തോഷത്തോടെ നിങ്ങൾ പബ്ലിഷ് ചെയ്തു. ഞാനൊന്നു പറയട്ടെ, ഒരു വാർത്ത കേൾക്കുമ്പോൾ പെട്ടന്ന് എടുത്തുചാടരുത്. ഉണ്ണി ഇടിച്ചു എന്നു പറയുമ്പോൾ ചിലപ്പോൾ ഇടിച്ചിട്ടുണ്ടാകും. പക്ഷേ അതിന്റെ കാരണമെന്തെന്ന് നിങ്ങൾക്കാർക്കും അറിയില്ല. അത് വിടൂ.എന്റെ വീടിനടുത്താണ് ഒരു സ്ത്രീന്റെ തന്റെ നാല് വയസ്സുള്ള കുഞ്ഞിനെ കൊണ്ടുപോയി നദിയിൽ എറിഞ്ഞത്. നമ്മൾ ആദ്യം എന്താ പറയുക, ആ തള്ള ഒരു തള്ളയാണോ, അങ്ങനെയുള്ള ഭാഷയല്ലേ ഉപയോഗിക്കുക. പിന്നീട് ചോദിക്കുമ്പോളും അന്വേഷിക്കുമ്പോഴാണ് സത്യം. അറിഞ്ഞത്. ഇതുപോലൊരുത്തൻ തന്റെ കുഞ്ഞിനെ പീഡിപ്പിക്കുന്നത് കണ്ടിട്ട് പിന്നെ ഈ അമ്മ ആലോചിക്കുകയാണ് എന്തിനാണ് ഈ കുട്ടി ജീവിച്ചിരിക്കുന്നത്.ആദ്യം ഇതെല്ലാം കേൾക്കുന്ന സമയത്ത്, പെട്ടന്ന് നമ്മൾ എല്ലാവരും ആ അമ്മയെ കുറ്റം പറയും. ഭർത്താവിന്റെ അനിയനാണ് ഇതിനൊക്കെ കാരണമെന്ന് പിന്നീടാണ് അറിയുന്നത്. അതുപോലെ ഉണ്ണി മുകുന്ദന്റെ കാര്യത്തിലും നിങ്ങൾ കാത്തിരിക്കൂ.കാലത്ത് ഞാൻ ഉണ്ണിയെ വിളിച്ചിരുന്നു, അവൻ ഫോൺ എടുത്തില്ല. അവനറിയാം ഞാൻ വിളിച്ചാൽ എന്താണ് സംസാരിക്കുക. കണ്ണാടി മാത്രമാണ് പൊട്ടിച്ചതെങ്കിൽ അതു മാത്രമേ സംഭവിച്ചു കാണൂ. ഉണ്ണി, മിഷൻ 90 ഡേയ്സ് സിനിമയുടെ സമയത്ത് എനിക്ക് മമ്മൂക്ക തന്നൊരു കണ്ണാടിയുണ്ട്. ഞാനത് ധരിച്ചുവരുമ്പോൾ പറയാം, അതു പൊട്ടിക്കല്ലേ?'' എന്നെ ഫെയ്സ്ബുക്കിൽ വന്ന് ചീത്ത പറയുന്ന ഒരുപാട് പേരുണ്ട്. അവരുടെയൊന്നും മുഖം വ്യക്തമല്ല. പക്ഷേ നേരിട്ടു വന്നൊരാൾ ഇങ്ങനെ ചീത്ത പറഞ്ഞാൽ ഞാൻ അടിക്കും. അതുകൊണ്ട് നിങ്ങളാരും നേരിട്ടു വന്ന് ചീത്ത വിളിക്കുകയുമില്ല. അതുപോലെ ഉണ്ണി മുകുന്ദനെ തെറിവിളിച്ചോ ഇല്ലയോ എന്ന് നമുക്കറിയില്ല, എന്താണ് സംഭവിച്ചതെന്നും അറിയില്ല. ഞാൻ അടിച്ചിട്ടില്ലെന്ന് ഉണ്ണി പറഞ്ഞല്ലോ. കാരണം ചാർജ് ഷീറ്റ് വന്നു കഴിഞ്ഞാൽ അടിച്ചുവെന്ന് പറയാൻ പറ്റില്ല. പിന്നെ എന്തു തന്നെയായാലും കോടതിയിലെത്തി നമ്മൾ അത് സ്ഥിരീകരിക്കണം. അതുകൊണ്ട് ഉണ്ണി പറഞ്ഞത് വിശ്വസിക്കുക. നിലപാട് ഇത്രയേ ഒള്ളൂ. ഇനി വിപിൻ വിളിച്ചു പറയുകയാണ്, എന്നെ അടിച്ചു എന്നു പറഞ്ഞാൽ പിന്നെ ബാക്കിയുള്ളത് നോക്കാം. രണ്ടുപേരുടെയും അടുത്ത് നടന്നതെന്തെന്ന് ചോദിക്കണം.ഉണ്ണി മുകുന്ദൻ എന്ന വ്യക്തി ബിജെപിക്കാരനോ ആർഎസ്എസുകാരനോ അല്ല, ഉണ്ണി മുകുന്ദന് പാർട്ടി മെംബർഷിപ്പോ ഇല്ല. എനിക്ക് ഉണ്ണിയെ സംരക്ഷിക്കേണ്ട ബാധ്യതയുമില്ല. ഒരു കലാകാരൻ എന്ന നിലയ്ക്ക് തമാശയായിട്ടാണ് തോന്നിയത്. വളരെ പക്വത കുറഞ്ഞ കുട്ടി എന്നാണ് ഞാൻ അവനെ വിളിക്കുക. ഞാനൊരാളെയും പിന്തുണയ്ക്കുകയല്ല. ഉണ്ണിക്ക് 37 വയസ്സായി,

# ഞാൻ ഭയങ്കര ഇമോഷണലാണ്, ഒരാളുടെ കമന്റിന് കരിയർ അട്ടിമറിക്കാനാവുമെന്ന പേടിയുണ്ട് -ഐശ്വര്യ ലക്ഷ്മി



'ഞാൻ ഭയങ്കര ഇമോഷണലാണ്, അങ്ങനത്തെ സന്ദർഭങ്ങൾ വരുമ്പോഴാണ് വൈകാരികമായി പെരുമാറുന്നത്. അന്നേരം അങ്ങനെ തോന്നിയില്ലെങ്കിൽ എന്റെ മനസ് മരിച്ച് പോയെന്നല്ലേ അർഥം. എന്റെ മനസ് മരിച്ചിട്ടില്ല. അതുകൊണ്ടാണ് കുറച്ചെങ്കിലും ഭേദപ്പെട്ട് അഭിനയിക്കാൻ പറ്റുന്നത്'..പറയുകയാണ് മലയാളത്തിനേറെ പ്രിയങ്കരിയായ നടി ഐശ്വര്യ ലക്ഷ്മി. മാമൻ എന്ന തന്റെ ഏറ്റവും പുതിയ ചിത്രം പ്രേക്ഷകപ്രീതി നേടിയ സന്തോഷം മാതൃഭൂമി ഡോട് കോമിനൊപ്പം പങ്കുവയ്ക്കുകയാണ് ഐശ്വര്യ. .മാമനിൽ സൂരി സാറിന്റെ ഭാര്യാ വേഷമായിരുന്നു എനിക്ക്. ഈ സിനിമയുടെ സെറ്റ് ഞാനിന്നേ വരെ അഭിനയിച്ച സിനിമകൾ പോലെയേ ആയിരുന്നില്ല. കൂട്ടുകുടുംബത്തിന്റെ കഥ പറയുന്ന സിനിമയാണ് മാമൻ. സെറ്റിൽ നിന്ന് തിരിയാനുള്ള സ്ഥലം ഉണ്ടായിരുന്നില്ല എന്ന് ഞാൻ പറയുന്നത് അതിശയോക്തിയല്ല. അങ്ങനെ തന്നെയായിരുന്നു. വളരെയധികം പേഴ്സണൽ സ്പേസ് എടുക്കുന്ന ആളാണ് ഞാൻ. പെട്ടെന്ന് അങ്ങനെയൊരു സെറ്റിൽ ചെന്നപ്പോൾ ആകെ കൺഫ്യൂഷനായി പോയി. ചുറ്റും ഒരു ഇരുനൂറോളം പേരുണ്ടാകും. അതുമായി ഇഴുകിചേരണം. പിന്നെ അങ്ങനെ ജീവിക്കാനുള്ള അവസരം കിട്ടുന്നത് നല്ല കാര്യമാണ്, ഭാഗ്യമാണ്. അപ്പൂപ്പൻ, അമ്മൂമ്മ, ചിറ്റപ്പൻ, കുഞ്ഞമ്മ, കൊച്ചുമക്കൾ, നാട്ടുകാർ അങ്ങനെ അങ്ങനെ നിറയെ ബന്ധങ്ങളാണ്. പിന്നെ അച്ഛന്റെ ചെല്ലക്കുട്ടിയാണ് മാമനിലെ രേഖ. അച്ഛനെ വളരെയധികം ആശ്രയിക്കുന്ന മകൾ. വ്യക്തിജീവിതത്തിൽ ഇതിൻെ നേരെ വിപരീതമാണ് ഞാൻ. ആരെയും ആശ്രയിക്കാറില്ല. അതുകൊണ്ട് തന്നെ രേഖയെ അവതരിപ്പിക്കുമ്പോൾ ഈ സംഗതി കൊള്ളാലോ വീട്ടിൽ പോയി കുറച്ച് നാൾ വീട്ടിലുള്ളവരെ ആശ്രയിച്ച് ജീവിച്ചാലോ എന്ന് വരെ തോന്നി.

# ചാഹലിനെയും ബസ് ഡ്രൈവറെയും ഒരുപോലെ കരുതുന്ന സമീപനം'; പോണ്ടിങ്ങിനെയും അയ്യരേയും പ്രശംസിച്ച് താരം





ന്യൂഡൽഹി: പരിശീലകൻ റിക്കി പോണ്ടിങ്ങും നായകൻ ശ്രേയസ്സ് അയ്യരും ടീമിൽ കൊണ്ടുവന്ന മാറ്റങ്ങളെ പ്രശംസിച്ച് പഞ്ചാബ് ബാറ്റർ ശശാങ്ക് സിങ്. ടീമിലെ താരങ്ങളെയും മറ്റു സ്റ്റാഫുകളെയും ഒരുപോലെ ബഹുമാനിക്കുന്ന സമീപനമാണ് ഇരുവരും കൊണ്ടുവന്നതെന്ന് ശശാങ്ക് പറഞ്ഞു. ഐപിഎല്ലിൽ പഞ്ചാബ് പ്ലേ ഓഫിലെത്തിയതിന് പിന്നാലെയാണ് താരത്തിന്റെ പ്രതികരണം. പഞ്ചാബ് പ്ലേ ഓഫിലെത്തിയതോടെ ഐപിഎല്ലിൽ മൂന്ന് വ്യത്യസ്ത ടീമുകളെ പ്ലേ ഓഫിലെത്തിച്ച നായകനെന്ന ചരിത്രനേട്ടം ശ്രേയസ്സ് അയ്യർ സ്വന്തമാക്കിയിരുന്നു. 'ആദ്യദിനം തന്നെ റിക്കി പോണ്ടിങ്ങും ശ്രേയസ്സ് അയ്യരും ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. ടീമിലെ ഏറ്റവും മുതിർന്ന താരമായ യുസ്വേന്ദ്ര ചാഹലിനെയും ബസ് ഡ്രൈവറെയും ഒരുപോലെയായിരിക്കും പരിഗണിക്കുകയെന്ന്. അത് അവർ തുടരുന്നു. ചാഹലിനും ഞങ്ങളുടെ ബസ് ഡ്രൈവർക്കും അവർ ഒരേ ബഹുമാനം നൽകുന്നു.'- ശശാങ്ക് സിങ് പറഞ്ഞു. 'പരിശീലകനായ റിക്കി പോണ്ടിങ് ടീമിന്റെ ശൈലി തന്നെ മാറ്റിമറിച്ചെന്നും ശശാങ്ക് പറഞ്ഞു. ഞങ്ങളുടെ മാനസികാവസ്ഥയും കാഴ്ചപ്പാടുകളും മാറ്റി. എല്ലാത്തിനും അദ്ദേഹത്തിനാണ് ക്രെഡിറ്റ്. കളിയോടുള്ള ഞങ്ങളുടെ സമീപനം തന്നെ മാറ്റിയത് അദ്ദേഹമാണ്. എല്ലാവരെയും കരുതലോടെയും ബഹുമാനത്തോടെയുമാണ് സമീപിച്ചത്.'- ശശാങ്ക് പറഞ്ഞു. 'ശ്രേയസ്സ് അയ്യർ പ്രിയപ്പെട്ട സുഹൃത്താണ്. കഴിഞ്ഞ 10-15 വർഷമായി അദ്ദേഹത്തെ അറിയാം. എന്നാൽ ശ്രേയസ്സിന്റെ കീഴിൽ കളിക്കുകയെന്നതായിരുന്നു ഏറ്റവും മികച്ച അനുഭവം. എനിക്ക് മാത്രമല്ല ടീമിലെ എല്ലാവർക്കും സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കാൻ സാധിക്കുമായിരുന്നുവെന്നും' ശശാങ്ക് വ്യക്തമാക്കി. ഈ സീസണിൽ മികച്ച പ്രകടനമായിരുന്നു ശശാങ്കിന്റേത്. പഞ്ചാബിനായി 284 റൺസാണ് താരം അടിച്ചെടുത്തത്. പഞ്ചാബ് ക്വാളിഫയർ 1 ലേക്ക് മുന്നേറുകയും ചെയ്തു. 14 മത്സരങ്ങളിൽ 19 പോയന്റാണ് ടീമിനുള്ളത്. ഒമ്പത് ജയവും നാലു തോൽവിയുമുണ്ട്.


# ഐപിഎൽ സമാപനച്ചടങ്ങിൽ ഇന്ത്യൻ സായുധസേനകൾക്ക് ആദരമർപ്പിക്കാനൊരുങ്ങി BCCI




ന്യൂ ഡൽഹി: ഇന്ത്യയുടെ സായുധ സേനകൾക്ക് പ്രത്യേക ആദരമർപ്പിക്കാനൊരുങ്ങി ഇന്ത്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് (ബിസിസിഐ). ഐപിഎല്ലിന്റെ സമാപനചടങ്ങിൽ രാജ്യത്തിന്റെ സായുധസേനകൾക്ക് ആദരമർപ്പിക്കുമെന്ന് ബിസിസിഐ സെക്രട്ടറി ദേവജിത് സൈക്കിയ വ്യക്തമാക്കി. പാകിസ്താനിലെ ഭീകരകേന്ദ്രങ്ങളെ ലക്ഷ്യമിട്ട് നടത്തിയ ഓപ്പറേഷൻ സിന്ദൂർ എന്ന സൈനിക നടപടിക്ക് പിന്നാലെയാണ് ബിസിസിഐയുടെ തീരുമാനം. ജൂൺ മൂന്നിന് ഐപിഎൽ ഫൈനലിന് മുന്നോടിയായാണ് സമാപനചടങ്ങ് നടക്കുന്നത്. സായുധ സേനകളുടെ ധീരതയെയും നിസ്വാർഥ സേവനത്തെയും ബിസിസിഐ അഭിവാദ്യം ചെയ്യുന്നുവെന്ന് ദേവജിത് സൈക്കിയ ഇന്ത്യ ടുഡെയോട് പ്രതികരിച്ചു. 'ഓപ്പറേഷൻ സിന്ദൂറിന് കീഴിലുള്ള അവരുടെ വീരോചിതമായ ശ്രമങ്ങൾ രാജ്യത്തെ സംരക്ഷിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ആദരസൂചകമായി, സമാപന ചടങ്ങ് സായുധ സേനയ്ക്ക് സമർപ്പിക്കാനും നമ്മുടെ വീരനായകരെ ആദരിക്കാനും ഞങ്ങൾ തീരുമാനിച്ചു. ക്രിക്കറ്റ് ഒരു ദേശീയ അഭിനിവേശമായി തുടരുമ്പോൾ ത്തന്നെ, രാജ്യവും രാജ്യത്തിന്റെ പരമാധികാരം, അഖണ്ഡത, സുരക്ഷ എന്നിവയെക്കാളും വലുതായി മറ്റൊന്നുമില്ല', സൈക്കിയ പറഞ്ഞു. പഹൽഗാം ഭീകരാക്രമണത്തിന് മറുപടിയായി, മെയ് ഏഴിന് അർദ്ധരാത്രി പാകിസ്താനിലെയും പാകിസ്താൻ അധിനിവേശ കശ്മീരിലെയും ഭീകരവാദ ക്യാമ്പുകൾ ഇന്ത്യൻ സൈന്യം തകർത്തിരുന്നു. അതിർത്തി ഗ്രാമങ്ങളിലും ഇന്ത്യൻ സൈനിക താവളങ്ങൾക്കും നേരെ പാകിസ്താൻ ഡ്രോൺ, മിസൈൽ ആക്രമണം അഴിച്ചുവിട്ടതോടെ ഇന്ത്യ പ്രതിരോധം തീർക്കുകയും തിരിച്ചടിക്കുകയും ചെയ്തു. മൂന്ന് ദിവസത്തെ കടുത്ത സൈനിക ഏറ്റുമുട്ടലിന് ശേഷം, പാകിസ്താൻ അനുനയ നീക്കങ്ങൾക്ക് ശ്രമിക്കുകയും ഇന്ത്യയുമായുള്ള ചർച്ചകൾക്കൊടുവിൽ മെയ് 10-ന് വെടിനിർത്തലിന് ധാരണയാവുകയായിരുന്നു.

# ടീമിൽ സ്ഥാനം പോലും ഉറപ്പില്ലാത്തയാൾ എങ്ങനെ ക്യാപ്റ്റനായി?: ഗില്ലിന്റെ തിരഞ്ഞെടുപ്പിൽ വിയോജിപ്പുമായി കുംബ്ലെ, സേവാഗ്, തിവാരി







മുംബൈ: രോഹിത് ശർമയുടെ പിൻഗാമിയായി ഇന്ത്യൻ ടെസ്റ്റ് ടീമിന്റെ നായകസ്ഥാനത്ത് യുവതാരം ശുഭ്മൻ ഗില്ലിനെ തിരഞ്ഞെടുത്തതിനെച്ചൊല്ലി വിവാദം. ഇന്ത്യയുടെ പ്ലേയിങ് ഇലവനിൽ പോലും സ്ഥിരമല്ലാത്ത താരത്തെയാണ് നായകനായി തിരഞ്ഞെടുത്തതെന്ന വിമർശനവുമായി മുൻ താരങ്ങളായ അനിൽ കുംബ്ലെ, മനോജ് തിവാരി തുടങ്ങിയവർ രംഗത്തെത്തി. ഇംഗ്ലണ്ട് പര്യടനത്തിനുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചപ്പോഴാണ്, ശുഭ്മൻ ഗില്ലിനെ സിലക്ടർമാർ നായകനായി തിരഞ്ഞെടുത്തത്. ഋഷഭ് പന്താണ് ഉപനായകൻ. ഓസ്ട്രേലിയൻ പര്യടനത്തിൽ രണ്ടു തവണ ഇന്ത്യയെ നയിച്ച ജസ്പ്രീത് ബുമ്രയെ കായികക്ഷമതയുടെ പേരിൽ മാറ്റിനിർത്തിയാണ്, രണ്ടാമത്തെ മാത്രം മികച്ച സാധ്യതയായ ഗില്ലിനെ സിലക്ടർമാർ തിരഞ്ഞെടുത്തതെന്ന് മനോജ് തിവാരി ചൂണ്ടിക്കാട്ടി. രോഹിത് ശർമയുടെ അഭാവത്തിൽ പെർത്ത് ടെസ്റ്റിൽ ടീമിനെ നയിച്ച ബുമ്ര, പരമ്പരയിലെ ഏക വിജയവും സമ്മാനിച്ചത് തിവാരി എടുത്തുപറഞ്ഞു. ''ഗിൽ ഒന്നാമത്തെ മികച്ച ഓപ്ഷനായിരുന്നില്ല എന്നതാണ് വാസ്തവം. പ്ലേയിങ് ഇലവനിൽ പോലും ഇടം ഉറപ്പില്ലാത്ത ഒരാളെ എങ്ങനെയാണ് ടീമിന്റെ നായകനാക്കുക? ക്യാപ്റ്റനാക്കാൻ ഏറ്റവും അനുയോജ്യനായ ആളെ മാറ്റിനിർത്തി, രണ്ടാമത്തെ മികച്ചയാളെ തിരഞ്ഞെടുക്കുകയാണ് സിലക്ടർമാർ ചെയ്തത്. ഗില്ലിലേക്ക് അവർ എത്തിയതും അങ്ങനെയാണെന്ന് തീർച്ച' തിവാരി പറഞ്ഞു. അതേസമയം, നിലവിലെ ടീമിൽ ക്യാപ്റ്റനാകാൻ രണ്ടാമത്തെ മികച്ച സാധ്യത ഗില്ലാണെന്ന തിവാരിയുടെ വാദത്തെ മുൻ താരം വീരേന്ദർ സേവാഗ് തള്ളിക്കളഞ്ഞു. ബുമ്രയെ നായകസ്ഥാനത്തേക്ക് പരിഗണിക്കാത്തത് ശരിയായ തീരുമാനമാണെന്ന് പറഞ്ഞ സേവാഗ്, പിന്നെയുള്ള സാധ്യത ഗില്ലിനേക്കാൾ ഋഷഭ് പന്തായിരുന്നുവെന്നും അഭിപ്രായപ്പെട്ടു. ''ഒരു പരമ്പരയിൽ ബുമ്രയെ നായകനാക്കുന്നതിൽ യാതൊരു പ്രശ്നവുമുണ്ടാകില്ല. പക്ഷേ, ദീർഘകാലാടിസ്ഥാനത്തിലാണ് ചിന്തിക്കുന്നതെങ്കിൽ മറ്റു സാധ്യതകളും നോക്കേണ്ടിവരും. ഒരു വർഷം ഇന്ത്യ 10 ടെസ്റ്റുകൾ കളിച്ചാൽ എല്ലാ മത്സരങ്ങളിലും കളിക്കാൻ ബുമ്രയ്ക്കു സാധിക്കുമോ? പരമാവധി എത്ര കളികളിൽ അദ്ദേഹത്തിന് ഇറങ്ങാനാകും? ക്യാപ്റ്റനെ തിരഞ്ഞെടുക്കുമ്പോൾ അതും പ്രധാനപ്പെട്ടതാണ്' സേവാഗ് ചൂണ്ടിക്കാട്ടി. ''ബുമ്രയെ നായകനാക്കേണ്ടതില്ല എന്ന തീരുമാനം ശരിയായിട്ടാണ് എനിക്കു തോന്നിയത്. ബുമ്രയ്ക്കു മേൽ അനാവശ്യ ഭാരവും സമ്മർദ്ദവും അടിച്ചേൽപ്പിക്കേണ്ടതില്ല എന്ന് അവർ തീരുമാനിച്ചിട്ടുണ്ടാകും. പക്ഷേ രണ്ടാമത്തെ മികച്ച സാധ്യത ഗില്ലാണെന്ന തിവാരിയുടെ അഭിപ്രായത്തോട് എനിക്ക് വിയോജിപ്പുണ്ട്. അത് ഋഷഭ് പന്താണ്. മൂന്നാമത്തെ മികച്ച സാധ്യതയാണ് ഗിൽ' സേവാഗ് പറഞ്ഞു. ബാറ്ററെന്ന നിലയിൽ ടീമിൽ സ്ഥാനമുറപ്പിച്ചിട്ടു മാത്രമേ ഗില്ലിനെ നായകസ്ഥാനത്തേക്ക് പരിഗണിക്കേണ്ടിയിരുന്നുള്ളൂ എന്ന് മുൻ താരം അനിൽ കുംബ്ലെയും പരസ്യമായി അഭിപ്രായപ്പെട്ടിരുന്നു. ഐപിഎലിൽ ഒരു ടീമിനെ നയിക്കുന്നതുപോലെയല്ല ടെസ്റ്റിൽ ദേശീയ ടീമിനെ നയിക്കുന്നതെന്നും കുംബ്ലെ അഭിപ്രായപ്പെട്ടു. ''വലിയൊരു വെല്ലുവിളിയാണ് ഗില്ലിനെ കാത്തിരിക്കുന്നത്. ബുമ്രയാകും ഏറ്റവും നല്ല സാധ്യതയെന്നാണ് ഞാൻ കരുതിയിരുന്നത്. ബുമ്രയെ പരിഗണിക്കാത്തതിന് അവർക്ക് വ്യക്തമായ കാരണമുണ്ടാവാം. ബുമ്രയുമായി സംസാരിച്ചിട്ടു തന്നെയാണ് അവർ അത്തരമൊരു തീരുമാനത്തിലേക്ക് എത്തിയതെന്നും തീർച്ച.' കുംബ്ലെ പറഞ്ഞു. ''ശുഭ്മൻ ഗിൽ എന്ന തീരുമാനത്തിലേക്കാണ് നിലവിൽ സിലക്ടർമാർ എത്തിയിരിക്കുന്നത്. ഇനി കുറച്ചുകാലത്തേക്ക് അവർക്ക് ആ തീരുമാനത്തിൽ ഉറച്ചുനിൽക്കേണ്ടി വരും. ഗില്ലിന് ആദ്യമേ തന്നെ ബാറ്ററെന്ന നിലയിൽ ടീമിലെ തന്റെ സ്ഥാനം ഉറപ്പിക്കേണ്ടതുണ്ട്. കാരണം, ഓസ്ട്രേലിയൻ പര്യടനത്തിൽ എല്ലാ മത്സരങ്ങളിലും ഗിൽ കളിച്ചിരുന്നില്ല' കുംബ്ലെ ചൂണ്ടിക്കാട്ടി. ''മികച്ച നായകനാണ് എന്നതിന്റെ സൂചനകൾ ഗിൽ നൽകിയിട്ടുണ്ട് എന്നത് വാസ്തവമാണ്. ടെസ്റ്റ് പക്ഷേ തീർത്തും വ്യത്യസ്തമായൊരു ഫോർമാറ്റാണ്. വളരെ ശാന്തനായ വ്യക്തിയാണ് ഗിൽ. കഴിഞ്ഞ ഏതാനും സീസണുകളിലായി ഐപിഎലിൽ ഗുജറാത്ത് ടൈറ്റൻസിനെ നല്ല രീതിയിൽ നയിക്കുന്ന ക്യാപ്റ്റനുമാണ്. ക്യാപ്റ്റൻ സ്ഥാനം കുറഞ്ഞപക്ഷം ട്വന്റി20 ഫോർമാറ്റിലെങ്കിലും ഗില്ലിന്റെ പ്രകടനത്തെ ബാധിച്ചിട്ടില്ല. പക്ഷേ, രോഹിത്തും കോലിയും അശ്വിനും ഇല്ലാത്ത ഇന്ത്യൻ ടീമിനെ നയിക്കുന്നത്

EDITORS CHOICE

# ഇന്ത്യയുടെ അഞ്ചാം തലമുറ യുദ്ധവിമാനം ഉടൻ; പ്രോട്ടോ ടൈപ്പ് നിർമിക്കാൻ അനുമതി നൽകി പ്രതിരോധ മന്ത്രാലയം




ന്യൂഡൽഹി: ഇന്ത്യയുടെ അഞ്ചാം തലമുറ യുദ്ധവിമാനത്തിന്റെ പ്രോട്ടോ ടൈപ്പ് നിർമിക്കാൻ പ്രതിരോധ മന്ത്രാലയം അനുമതി നൽകി. അഡ്വാൻസ്ഡ് മീഡിയം കോംബാറ്റ് എയർക്രാഫ്റ്റ് (എഎംസിഎ) പ്രോജക്ടിൽ ഒരു അഞ്ചാം തലമുറ യുദ്ധവിമാനത്തിനാവശ്യമായ റഡാർ, സാറ്റ്ലൈറ്റ് സാങ്കേതിക വിദ്യ, സ്റ്റെൽത്ത് സാങ്കേതിക വിദ്യ, സ്റ്റെൽത്ത് ഡിസൈൻ എന്നിവ ഇന്ത്യ നേരത്തേ പൂർത്തിയാക്കിയിരുന്നു. ഇനി യുദ്ധവിമാനത്തിന്റെ എഞ്ചിൻ വികസനമാണ് നടക്കേണ്ടത്. ഇതിനായി വിദേശ കമ്പനികളുമായി സഹകരിച്ച് സംയുക്തമായി എഞ്ചിൻ വികസിപ്പിക്കാനാണ് ഇന്ത്യ പദ്ധതിയിടുന്നത്. ഇതിനുള്ള ചർച്ചകൾ നടക്കുകയാണ്. ഇന്ത്യയിലെ സ്വകാര്യ പ്രതിരോധ കമ്പനികളെയും സഹകരിപ്പിച്ചാകും എഎംസിഎ പ്രോജക്ട് മുന്നോട്ട് പോവുക. പൂർണതോതിലുള്ള പ്രോട്ടോടൈപ്പ് നിർമിച്ച് പരീക്ഷണ പറക്കൽ വിജയകരമായി നടത്തിയാൽ അഞ്ചാം തലമുറ വിമാനം സ്വന്തമായി രൂപകൽപ്പന ചെയ്ത് നിർമിക്കാൻ ശേഷിയുള്ള ചുരുക്കം ചില രാജ്യങ്ങളുടെ പട്ടികയിലേക്ക് ഇന്ത്യയും എത്തും. നിലവിൽ അമേരിക്ക, റഷ്യ, ചൈന, തുർക്കി എന്നീ രാജ്യങ്ങൾക്ക് മാത്രമേ സ്റ്റെൽത്ത് സാങ്കേതിക വിദ്യയുള്ള യുദ്ധവിമാനം നിർമിക്കാനുള്ള സാങ്കേതിക വിദ്യ കൈവശമുള്ളു. എഎംസിഎ പ്രോജക്ടിലൂടെ ഈ സാങ്കേതിക വിദ്യയുള്ള അഞ്ചാമത്തെ രാജ്യമായി ഇന്ത്യ മാറും. എയ്റോനോട്ടിക്കൽ ഡവലപ്മെന്റ് ഏജൻസിനാണ് (എഡിഎ) പദ്ധതിയുടെ ചുമതല. സ്വകാര്യ പ്രതിരോധ കമ്പനികളെ കോർത്തിണക്കി എഡിഎ എഎംസിഎ പദ്ധതി നടപ്പിലാക്കും. പദ്ധതിക്ക് കീഴിൽ സുപ്രധാനമായ സാങ്കേതിക വിദ്യകളെല്ലാം ഇന്ത്യ സ്വന്തമായി വികസിപ്പിച്ചിരുന്നു. ഇരട്ട എഞ്ചിൻ മൾട്ടി റോൾ യുദ്ധവിമാനമായാണ് എഎംസിഎ വിഭാവനം ചെയ്തിരിക്കുന്നത്. ആയുധങ്ങൾ വഹിക്കാനുള്ള ഇന്റേണൽ വെപ്പൺ ബേ, അത്യാധുനിക ഏവിയോണിക്സ്, സൂപ്പർ ക്രൂയിസ് എന്നീ സവിശേഷതകൾ എഎംസിഎയ്ക്കുണ്ടാകും. ഇതിനൊപ്പം ലോയൽ വിംഗ്മാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഒരേസമയം ആളില്ലാ യുദ്ധവിമാനങ്ങളെ നിയന്ത്രിക്കുന്ന കമാൻഡ് സെന്ററായും ഇതിന് പ്രവർത്തിക്കാനാകും. ഇതിലെ പൈലറ്റ് ഡ്രോണുകളുടെ കൂട്ടത്തെ നിയന്ത്രിച്ച് ശത്രുക്കളെ നേരിടുന്ന പദ്ധതിയാണ് ലോയൽ വിംഗ്മാൻ. ഇതിനായി കാറ്റ്സ് വാരിയർ എന്നൊരു ഡ്രോൺ ഡിആർഡിഒയും എഡിഎയും ചേർന്ന് വികസിപ്പിക്കുന്നുണ്ട്. എഎംസിഎയ്ക്കായി ഇന്ത്യ അത്യാധുനിക ഇലക്ട്രോണിക് വാർഫയർ സ്യൂട്ടാണ് വികസിപ്പിച്ചത്. നിലവിലെ വേഗതയിൽ പോയാൽ 2035ൽ ആദ്യത്തെ എഎംസിഎ വ്യോമസേനയ്ക്ക് കൈമാറാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2024ലാണ് എഎംസിഎ പദ്ധതിക്ക് സുരക്ഷാ കാര്യങ്ങൾക്കുള്ള മന്ത്രിസഭാ സമിതി അനുമതി നൽകിയത്. പത്ത് വർഷത്തിനുള്ളിൽ ആദ്യത്തെ യുദ്ധവിമാനം കൈമാറാൻ കഴിയുമെന്ന് ഡിആർഡിഒ ചെയർമാൻ

# കഴിഞ്ഞ രണ്ടുവട്ടവും പൊട്ടിത്തെറി, സ്റ്റാർഷിപ്പ് 9-ാം പരീക്ഷണംഇന്ന് പുലർച്ചെ, തത്സമയം ഇന്ത്യയിലും കാണാം



ടെക്സസ്: മനുഷ്യ ചരിത്രത്തിലെ ഏറ്റവും വലുതും കരുത്തുറ്റതും ഭാരമേറിയതും ഭാരം വഹിക്കുന്നതുമായ സ്റ്റാർഷിപ്പ് മെഗാ റോക്കറ്റിൻറെ ഒമ്പതാം പരീക്ഷണ വിക്ഷേപണം നാളെ. മെയ് 28ന് പുലർച്ചെ ഇന്ത്യൻ സമയം രാവിലെ അഞ്ച് മണിക്ക് സൗത്ത് ടെക്സസിലെ ബോക്കാ ചിക്കയിലുള്ള സ്റ്റാർബേസിൽ നിന്നാണ് സ്റ്റാർഷിപ്പ് വിക്ഷേപിക്കുക. സ്റ്റാർഷിപ്പിൻറെ ഏഴ്, എട്ട് വിക്ഷേപണ പരീക്ഷണങ്ങൾ പരാജയമായിരുന്നു എന്നതിനാൽ ഇലോൺ മസ്കിൻറെ സ്പേസ് എക്സിനെ സംബന്ധിച്ച് അഭിമാന ദൗത്യമാണ് നാളത്തേത്. വിക്ഷേപണത്തിന് 30 മിനിറ്റ് മുമ്പ് ലൈവ്സ്ട്രീമിംഗ് ആരംഭിക്കും. സ്പേസ് എക്സിൻറെ വെബ്സൈറ്റും എക്സ്, യൂട്യൂബ് അക്കൗണ്ടുകളും വഴി സ്റ്റാർഷിപ്പ് ഒൻപതാം പരീക്ഷണ വിക്ഷേപണം തത്സമയം കാണാം. ലോകത്തെ ഏറ്റവും ധനികനായ ഇലോൺ മസ്കിൻറെ ബഹിരാകാശ വിക്ഷേപണ കമ്പനിയായ സ്പേസ് എക്സാണ് സ്റ്റാർഷിപ്പിൻറെ നിർമ്മാതാക്കൾ. 123 മീറ്റർ ഉയരമുള്ള ഈ പടുകൂറ്റൻ റോക്കറ്റ് ചന്ദ്രനിലേക്കും ചൊവ്വയിലേക്കുമുള്ള ഗ്രഹാന്തര യാത്രകൾ ലക്ഷ്യമിട്ടാണ് സ്പേസ് എക്സ് തയ്യാറാക്കുന്നത്. ബൂസ്റ്റർ, സ്പേസ് ക്രാഫ്റ്റ് എന്നിങ്ങനെ രണ്ട് ഭാഗങ്ങളാണ് ഈ വിക്ഷേപണ വാഹനത്തിനുള്ളത്. സൂപ്പർ ഹെവി ബൂസ്റ്ററിന് മാത്രം 71 മീറ്ററാണ് ഉയരം. 33 റാപ്റ്റർ എഞ്ചിനുകളാണ് ബൂസ്റ്ററിൻറെ കരുത്ത്. ഈ കൂറ്റൻ ബൂസ്റ്ററിനെ വിക്ഷേപണത്തിന് ശേഷം 'മെക്കാസില്ല' എന്ന ഭീമൻ യന്ത്രക്കൈയിലേക്ക് തിരികെ വിജയകരമായി ലാൻഡ് ചെയ്യിക്കാൻ സ്പേസ് എക്സിന് ഇതിനകമായിട്ടുണ്ട്. എന്നാൽ മുകളിലെ സ്പേസ്ക്രാഫ്റ്റ് ഭാഗത്തിൻറെ ദൗത്യം വിജയമായില്ല. 52 മീറ്ററാണ് സ്പേസ്ക്രാഫ്റ്റിൻറെ ഉയരം. ഈ രണ്ട് ഭാഗങ്ങളും വിക്ഷേപണത്തിന് ശേഷം പുനരുപയോഗിക്കാനാവുന്ന തരത്തിലാണ് സ്പേസ് എക്സ് ഡിസൈൻ ചെയ്യുന്നത്. സ്റ്റാർഷിപ്പിൻറെ ഏഴ്, എട്ട് വിക്ഷേപണ പരീക്ഷണങ്ങൾ പരാജയമായിരുന്നു. അതിനാൽ റോക്കറ്റിൽ ഏറെ മാറ്റങ്ങൾ വരുത്തിയാണ് 9-ാം പരീക്ഷണ വിക്ഷേപണത്തിന് സ്പേസ് തയ്യാറെടുക്കുന്നത്. ഇതിന് മുമ്പ് ഭൂമിയിലെ കൂറ്റൻ യന്ത്രക്കൈയിലേക്ക് വിജയകരമായി ലാൻഡ് ചെയ്യിച്ച സൂപ്പർ ഹെവി ബൂസ്റ്ററുകളിൽ ഒന്നാവും ഒമ്പതാം പരീക്ഷണത്തിന് സ്പേസ് എക്സ് ഉപയോഗിക്കുക. ഇതാദ്യമായാണ് റോക്കറ്റിൻറെ താഴ്ഭാഗമായ ബൂസ്റ്റർ ഘട്ടം സ്പേസ് എക്സ് പുനരുപയോഗിക്കുന്നത്. ഇതിൻറെ 33 റാപ്റ്ററുകളിൽ 29 എണ്ണവും നാളത്തെ വിക്ഷേപണത്തിൽ പുനരുപയോഗിക്കുമെന്ന് സ്പേസ് എക്സ് വ്യക്തമാക്കി. വിക്ഷേപണത്തിന് ശേഷം ബൂസ്റ്റർ ഭാഗം ലോഞ്ച് പാഡിൽ തന്നെയുള്ള മെക്കാസില്ലയിലേക്ക് തിരികെ വരുന്നതിന് പകരം ഇത്തവണ കടലിൽ ലാൻഡ് ചെയ്യിക്കാനാണ് സ്പേസ് എക്സിൻറെ ആലോചന. അതേസമയം റോക്കറ്റിൻറെ മുകൾ ഭാഗമായ സ്പേസ്ക്രാഫ്റ്റ്, ഡമ്മി സ്റ്റാർലിങ്ക് സാറ്റ് 2025 ജനുവരിയിൽ നടന്ന ഏഴാം സ്റ്റാർഷിപ്പ് വിക്ഷേപണ പരീക്ഷണവും മാർച്ച് ആറിനെ എട്ടാം പരീക്ഷണവും സ്പേസ് എക്സിന് വിജയിപ്പിക്കാനായില്ല എന്നതിനാൽ കൂടുതൽ ജാഗ്രതയോടെയാണ് 9-ാം വിക്ഷേപണത്തിന് യുഎസ് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ (എഫ്എഎ) അനുമതി നൽകിയിരിക്കുന്നത്. മാർച്ച് ആറിന് നടന്ന എട്ടാം പരീക്ഷണത്തിൽ സ്റ്റാർഷിപ്പ് അഗ്നിഗോളമായതോടെ സമീപത്തെ നാല് വിമാനത്താവളങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരുന്നു. 240 വിമാന സർവീസുകൾ തടസ്സപ്പെട്ടപ്പോൾ രണ്ട് ഡസനിലധികം വിമാനങ്ങൾ വഴിതിരിച്ച് വിടേണ്ടിയും വന്നു. മാത്രമല്ല, സ്റ്റാർഷിപ്പിൻറെ അവശിഷ്ടങ്ങൾ ബഹാമാസ്, ടർക്സ്-കൈകോസ് ദ്വീപുകൾക്കും മുകളിൽ പ്രത്യക്ഷപ്പെട്ടത് വലിയ ഭീതി പരത്തുകയും ചെയ്തു. ഈ സങ്കീർണതകൾ ഒഴിവാക്കാൻ ഇത്തവണ വ്യോമഗതാഗതം കുറവുള്ള സമയത്താണ് സ്റ്റാർഷിപ്പ് 9-ാം ഫ്ലൈറ്റ് ടെസ്റ്റ് നടത്തുന്നത്. സ്റ്റാർഷിപ്പ് ഫ്ലൈറ്റ് എട്ടിന് 885 നോട്ടിക്കൽ മൈലായിരുന്നു എയർക്രാഫ്റ്റ് ഹസാർഡ് സോൺ (അഒഅ) എങ്കിൽ ഒമ്പതാം പരീക്ഷണ വിക്ഷേപണത്തിന് 1,600 നോട്ടിക്കൽ മൈലാക്കി വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com